No/9/2020/SRG/LSGD/CC/(3)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ (ഓൺലൈൻ) നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3.30-ന് വീഡിയോ കോൺഫറൻസിംഗിലൂടെ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു (തൃശ്ശൂർ കളക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ). യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

12.08.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 26.00% ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 27.67 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് വയനാട് ജില്ലയിലും (28.68%) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (23.84 ശതമാനം). 116.72 കോടി രൂപയുടെ 4601 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 214.21 കോടി രൂപയുടെ 7442 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 24.79 % |
| ബ്ലോക്ക് പഞ്ചായത്ത് | 31.58 % |
| ജില്ലാ പഞ്ചായത്ത് | 32.83 % |
| മുനിസിപ്പാലിറ്റി | 24.88 % |
| കോർപ്പറേഷൻ | 19.57 % |
| **ആകെ** | 26.00ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | വയനാട് | 28.68% |
| 2 | മലപ്പുറം | 28.64% |
| 3 | പാലക്കാട് | 28.35% |
| 4 | ഇടുക്കി | 27.33% |
| 5 | കോഴിക്കോട് | 26.79% |
| 6 | പത്തനംതിട്ട | 26.38% |
| 7 | കാസർഗോഡ് | 26.28% |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 26.1% |
| 9 | ആലപ്പുഴ | 25.25 % |
| 10 | തിരുവനന്തപുരം | 24.81% |
| 11 | കണ്ണൂർ | 24.78% |
| 12 | കൊല്ലം | 24.5 % |
| 13 | കോട്ടയം | 24.03% |
| 14 | എറണാകുളം | 23.84 % |

**പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCP | TSP | CFC |
|---|---|---|---|
| 30.74 % | 26.51 % | 27.27% | 18.87% |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 5350 | 115.83 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 649 | 15.22 |
| 3) ജില്ലാ പഞ്ചായത്ത് | 485 | 30.69 |
| 4) മുനിസിപ്പാലിറ്റി | 735 | 27.66 |
| 5) കോർപ്പറേഷൻ | 223 | 24.80 |
| **ആകെ** | **7442** | **214.20** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് | | |
|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | സ്പിൽ ഓവർ പ്രോജക്ടുകൾ | ആകെ |
| 1) ഗ്രാമപഞ്ചായത്ത് | 6.94 | 17.85 | 24.79 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 5.55 | 26.04 | 31.58 |
| 3) ജില്ലാ പഞ്ചായത്ത് | 4.81 | 28.02 | 32.83 |
| 4) മുനിസിപ്പാലിറ്റി | 6.37 | 18.50 | 24.88 |
| 5) കോർപ്പറേഷൻ | 3.46 | 16.11 | 19.57 |
| **ആകെ** | **5.99** | **20.01** | **26.00** |

**മുൻ വർഷങ്ങളിൽ ജൂലൈ 31-ലെ പദ്ധതി ചെലവ്**

| | |
|---|---|
| **2014-15** | **3.54** % |
| **2015-16** | **3.19**% |
| **2016-17** | **0.04**% |
| **2017-18** | **10.19**% |
| **2018-19** | **18.96**% |
| **2019-20** | **13.73**% |
| **2020-21** | **26.00**% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1) 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.1 (3.1)(viii)

കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായി മൃഗ സംരക്ഷണ വകുപ്പ് കാലിത്തീറ്റ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ മൊത്തമായി വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്.

ഇതിനായി കാലിത്തീറ്റ വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ പേരിൽ (ജില്ലാ മൃഗസംരക്ഷണ ഓഫീസർ) സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നതിന് ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു. സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകാൻ തീരുമാനമായിട്ടുണ്ടെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) ധനവകുപ്പ്**

### 2.2 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.2(4.9) കൊടിയത്തൂർ സഹകരണ ബാങ്ക്

**ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ 05.11.2019-ലെ കത്തും കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ബാങ്ക് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും (SRG 216/20)**

കൊടിയത്തൂർ സഹകരണ ബാങ്ക് അമൂൽ കാലിത്തീറ്റയുടെ കോഴിക്കോട് ജില്ലയിലെ വിതരണ ഏജൻസി എടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അമൂൽ കാലിത്തീറ്റ വാങ്ങുന്നവർക്ക് ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി സ്കീമിൽ അമൂൽ കാലിത്തീറ്റ വാങ്ങുന്ന കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്. കേരള ഫീഡ്സിന്റെയടക്കം കാലത്തീറ്റയുടെ വില നിശ്ചയിക്കുന്നതിൽ വകുപ്പുതല ഇടപെടൽ ഉണ്ടെന്നും Amul കാലിത്തീറ്റയുടെ വിലയിൽ വകുപ്പിന് ഇടപെടാൻ സാധ്യമല്ലെന്നും 27.05.2020-ലെ യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ അനുമതി പരിഗണിക്കാവുന്നതല്ല എന്നും ഡയറക്ടർ അറിയിച്ചിരുന്നു.

കേരള ഫീഡ്സ്, അമൂൽ, വകുപ്പ മുഖേന ഇപ്പോൾ കേരളത്തിൽ നൽകുന്ന മറ്റ കാലിത്തീറ്റകൾ എന്നിവയുടെ വില താരതമ്യം ചെയ്ത് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഒപ്പം അമൂൽ കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകി.

SLBPയ്ക്കു വേണ്ടി കേരള ഫീഡ്സും മിൽമ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില ഒരു കിലോ ഗ്രാമിന് 22.50 രൂപയാണ്. അമൂൽ കാലിത്തീറ്റയുടെ വില താഴെപ്പറയും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| (i) | അമൂൽ ന്യൂട്രിറിച്ച് | - | 27.00 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (ii) | അമൂൽ ശക്തി | - | 25.50 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (iii) | അമൂൽ പൗഡർ ഡാൻ | - | 23.90 രൂപ | (ഒരു കിലോ ഗ്രാമിന്) |
| (iv) | വർദൻ (കാഫ് സ്റ്റാർട്ടർ) | - | 28.60 രൂപ | (ഒരു കിലോ ഗ്രാമിന്) |

അമൂൽ കാലിത്തീറ്റിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മണ്ണുത്തി വെറ്ററിനറി കോളേജിലേയ്ക്ക് തീറ്റയുടെ സാമ്പിൾ അയച്ചു നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചില്ല.

ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ട് കിട്ടിയതിനുശേഷം പിന്നീട് പരിഗണിക്കും.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

## 2.2(4.12) യോഗ പരിശീലനം

**ശ്രീമതി. രമ്യ.കെ. കുറ്റിപ്പുറത്ത്, കണ്ണൂർ തുടങ്ങി 8 പേർ ബഹു. വിദ്യാഭ്യാസമന്ത്രിക്കു നൽകിയ കത്തുകൾ (SRG 59/20 - LSGD/DA1/35/2019/LSGD)**

അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ Certificate in Yoga Fitness Cource/PG Diploma കോഴ്സ് പൂർത്തിയാക്കിയ യോഗ അദ്ധ്യാപക യോഗ്യതയുള്ളവരാണ്. അംഗീകൃത സർവ്വകലാശാല നൽകുന്ന യോഗ സർട്ടിഫിക്കറ്റ് / ഡിപ്ലോമ തുടങ്ങിയ കോഴ്സ് പാസ്സായവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ഇതിന്മേൽ റിപ്പോർട്ട് നൽകേണ്ടത് ആയുർവേദ ഡയറക്ടറാണെന്ന് ആയുഷ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയുർവേദ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് അടുത്ത യോഗത്തിൽ തന്നെ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ആയുർവേദ ഡയറക്ടർ**

**2.3 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

## 2.3 (3.2)

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെയും ഭരണ മികവിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അവാർഡ് നൽകുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷമായി ഈ തുക പദ്ധതി വിഹിതത്തിന്റെ ശീർഷകത്തിലാണ് നൽകുന്നത്. തുക മിക്കപ്പോഴും നൽകുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ്. പലപ്പോഴും മാർച്ച് 31-നകം ഈ തുക ചെലവഴിക്കാൻ കഴിയില്ല. അതിനാൽ സാമ്പത്തികവർഷം കഴിയുന്നതോടെ തുക ലാപ്സായി പോകും. ഇത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പ്രാദേശിക സർക്കാരുകൾ അറിയിച്ചിട്ടുണ്ട്.

മുൻ കാലങ്ങളിൽ ഇങ്ങനെയുള്ള അവാർഡ് തുക PD അക്കൗണ്ടിലേക്ക് കൈമാറുന്ന രീതിയായിരുന്നു. ഈ രീതി പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ ഒരു വർഷം കൂടി ക്യാരി ഓവറായി വിഹിതം അനുവദിക്കുന്നതോ പരിഗണിക്കണമെന്ന് ധന വകുപ്പിനോടാവശ്യപ്പെട്ടിരുന്നു.

അവാർഡ് തുക നൽകുന്ന അതേ വർഷം മാർച്ച് 31 നകം തുക ചെലവഴിച്ചില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ തൊട്ടടുത്ത വർഷത്തേയ്ക്ക് കൂടി തുക വീണ്ടും അനുവദിക്കുന്നത് പരിഗണിക്കുമെന്ന് ധനവകുപ്പ് അറിയിച്ചു.

**നടപടി - 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) ധന വകുപ്പ്**

## 2.3(4.1) National Institute of Physical Medicine & Rehabiitation

**National Institute of Physical Medicine & Rehabiitation Executitve Director-ന്റെ 23.07.2019-ലെ കത്തും 02.02.2020-ലെ തസ്വഭവ - DA1/339/2019/ തസ്വഭവ സർക്കാർ കത്തും ( SRG 363/20)**

തൃശ്ശൂർ കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (NIPMR) ഭിന്നശേഷിക്കാർക്കായി പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ NIPMR-ൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

NIPMR ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്മേൽ ആരോഗ്യ വകുപ്പാണ് അഭിപ്രായം പറയേണ്ടതെന്ന് യോഗത്തിൽ ഹാജരായിരുന്ന സാമൂഹ്യനീതി ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് സാമൂഹ്യനീതി ഡയറക്ടർ തന്നെ നൽകേണ്ടതാണെന്നും NIPMR സാമൂഹ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണെന്നും യോഗം നിരീക്ഷിച്ചു. ആരോഗ്യ വകുപ്പ ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടർ എന്നിവരുമായി ചർച്ച ചെയ്ത് ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ സാമൂഹ്യനീതി ഡയറക്ടർ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകി.

തൃശ്ശൂർ മെഡിക്കൽ കോളേജ് മുഖേന ഈ ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിച്ചു. ഈ ഉപകരണങ്ങൾ നല്ല നിലവാരമുള്ളതാണെന്നും ഭിന്നശേഷി വിഭാഗക്കാർക്ക് ഇത് പ്രയോജന പ്രദമാണമെന്നും സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകി.

**തീരുമാനം :-** റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ NIPMR ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകി.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3(4.34) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്**

**കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) മാനേജിംഗ് ഡയറക്ടറുടെ 21.05.2020 -ലെ കാംകോ/MD/GD/മാർക്കറ്റിംഗ് നമ്പർ കത്ത്** (SRG 376/20 )

അഗ്രി ടൂൾ കിറ്റുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാംകോ കാർഷിക ഉപകരണങ്ങൾ വിപണിയിലെത്തിക്കാൻ ഉദ്ദേശിക്കുന്നു. പൊതു വിപണിയിൽ 1586/- രൂപ വിലവരുന്ന ഉപകരണങ്ങൾ 999/- രൂപയ്ക്കും 29,000/- രൂപ വിലവരുന്ന ഉപകരണങ്ങൾ 24,000/-രൂപയ്ക്കുമാണ് വിപണിയിലെത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കിറ്റിലുള്ള ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് കാംകോ വ്യക്തമാക്കി നൽകി. വിശദാംശം താഴെ ചേർക്കുന്നു.

**ടൂൾ കിറ്റ് 1**

1) ഹാന്റ് പ്രഷർ സ്പ്രേയർ - 1 ലിറ്റർ
2) വാട്ടർ സ്പ്രിംഗ്ളർ കാൻ - 5 ലിറ്റർ
3) ഹൊ വിത്ത് സിംഗിൾ പ്രോങ്ങ്
4) ഹാന്റ് കൾട്ടിവേറ്റർ
5) ഹാന്റ് ട്രൊവൽ
6) ടൂൾ ബാഗോടു കൂടിയ സ്റ്റൂൾ

990/- രൂപയാണെന്നാണ് അറിയിച്ചിരിക്കുന്നത്. ജി.എസ്.ടിയും സെസ്സും അടക്കം 1,159/- രൂപ.

**ടൂൾ കിറ്റ് 2**

1) കാംകോ മൈക്രോ ടില്ലർ
2) കൈ തുമ്പ
3) പവർ സ്പ്രേയർ (5 ലിറ്റർ)
4) പ്രൂണിംഗ് സെക്കട്ടർ (റോൾ കട്ട്)
5) ഹാന്റ് ട്രൊവൽ വലുത്
6) ഹാന്റ് ഫോർക്ക്
7) ഹാന്റ് കൾട്ടിവേറ്റർ
8) ഷവൽ
9) ഗാർഡൻ റേക്ക്
10) പ്രൂണിംഗ് സോ

24,000/- രൂപയെന്നാണ് അറിയിച്ചിരിക്കുന്നത്. ജി.എസ്.ടിയും സെസ്സും അടക്കം 28,560/- രൂപ.

ഇതിന്മേൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായമാരാഞ്ഞുവെങ്കിലും അഭിപ്രായമറിയിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ നിബന്ധനയ്ക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 2.4) 24.06.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.4(3.3) വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടിലിൽ നിന്നു തന്നെ വാങ്ങണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ CPRCS മുഖേന ലാപ് ടോപ് വാങ്ങുന്നതിന് വളരെയധികം താമസമുണ്ടാകുന്നു എന്ന് തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കണമെന്നും അല്ലായെങ്കിൽ ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകണമെന്നുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യം യോഗം ചർച്ച ചെയ്തു.

കൂടാതെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ് അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ലാപ് ടോപ് കാലതാമസം കൂടാതെ CPRCS മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഐ.റ്റി. മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഐ.റ്റി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലാപ് ടോപിന്റെ ലഭ്യത കുറഞ്ഞതിനാലാണ് CPRCS പോർട്ടിലിലൂടെ ലാപ് ടോപ് വിതരണത്തിന് കാലതാമസമുണ്ടായതെന്ന് ഐ.റ്റി മിഷൻ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഈ മാസം മുതൽ പണമടയ്ക്കുന്ന മുറയ്ക്ക് മുടക്കം കൂടാതെ ലാപ് ടോപ് നൽകാമെന്നും അറിയിച്ചു. ഐ.റ്റി മിഷൻ ഡയറക്ടറുടെ പ്രതിനിധി അറിയിച്ച പ്രകാരം താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം:-** തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങണം. 21.01.2020 -ലെ ഡി.എ1/363/2019/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദിഷ്ട സ്പെസിഫിക്കേഷനും വിലയുമുള്ള ലാപ് ടോപ് CPRCS നിന്നു ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സർക്കുലർ പ്രകാരമുള്ള വിലയിൽ കുറവായിരിക്കണം ടെണ്ടർ തുക. സ്പെസിഫിക്കഷനും സർക്കുലർ പ്രകാരമായിരിക്കണം.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2.4(3.4) 12.06.2020-ലെ 1114/20/തസ്വഭവ ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠനത്തിന് ലാപ് ടോപ്, കമ്പ്യൂട്ടർ, ടി.വി എന്നിവ വാങ്ങി നൽകാൻ അനുമതി നൽകിയിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനു പകരം ടാബ്, സ്മാർട്ട് ഫോൺ എന്നിവ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെടുന്നുണ്ട്. ഇപ്രകാരം ടാബ്, സ്മാർട്ട്ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല എന്ന് നിർദ്ദേശം നൽകി. ഇതു സംബന്ധിച്ച സർക്കുലർ.

**നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

2.4(3.9) അങ്കണവാടി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള അധിക ഓണറേറിയം നൽകാത്ത ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടെയും കുടിശ്ശിക വിഹിതം ധനവകുപ്പ് ഉറവിടത്തിൽ നിന്നു കുറവു ചെയ്യാറുണ്ട്. കൂടാതെ കഴിഞ്ഞ വർഷം KSEB, KWA തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശികയും ഉറവിടത്തിൽ നിന്നു കുറവു ചെയ്തു. അതതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തെ ബാധിക്കുന്ന രീതിയിൽ ഒറ്റത്തവണയായി കുറവു ചെയ്യുന്നതിനു പകരം ഗഡുക്കളായി കുറവു ചെയ്യുന്ന രീതി അവലംബിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. കൂടാതെ ഇപ്രകാരം കുറവു ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിനെ കൂടി അറിയിച്ചു നടപടി സ്വീകരിക്കണമെന്നും ധനവകുപ്പിനോടാവശ്യപ്പെടാനും തീരുമാനിച്ചിരുന്നു.

ഇനി മുതൽ ഇങ്ങനെയുള്ള കുടിശ്ശിക തുക ഒറ്റത്തവണയായി കുറവു ചെയ്യുന്നതിനു പകരം 3 ഗഡുക്കളായി മാത്രമേ കുറവു ചെയ്യൂ എന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**നടപടി -1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2.4(3.12) ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ ആവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും താഴെപ്പറയും പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്നവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ. കമ്മിറ്റിയിലെ സാങ്കേതിക വിദഗ്ദ്ധരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

1) ഐ.കെ.എം ഡയറക്ടർ/ ഐ.റ്റി. മിഷൻ ഡയറക്ടർ - കൺവീനർ
2) ഐ.റ്റി. മിഷനിൽ നിന്ന് ഒരു വിദഗ്ദ്ധൻ
3) Indian Institute of Information Technology and Management Kerala (IIITM-K) യിൽ നിന്ന് ഒരു വിദഗ്ദ്ധൻ
4) ഡയറക്ടർ ജനറൽ, കില
5) കൺവീനർ, എസ്.ആർ.ജി.

ഈ കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കാനും 2 മാസത്തിനകം റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ പ്രവർത്തനം കോഓർഡിനേഷൻ കമ്മിറ്റിയിൽ അവലോകനം ചെയ്യുന്നതായിരിക്കും.

ഇതു സംബന്ധിച്ച ഉത്തരവ് 04.08.2020-ന് ഇറങ്ങിയെങ്കിലും കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട സാങ്കേതിക വിദഗ്ദ്ധരുടെ പാനൽ ഐ.റ്റി. മിഷനും IIITM-K ഡയറക്ടറും നൽകിയിട്ടില്ല. അടിയന്തിരമായി വാങ്ങി കമ്മിറ്റിയുടെ പ്രവർത്തനം തുടങ്ങി വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

**നടപടി -1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

## 2.4(4.3) ശുചിത്വ മിഷൻ

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1.01.2020-ലെ 2471/B1/ 2016/SM നമ്പർ കത്തും 16.03.2020-ലെ 30/DC1/20തസ്വഭവ സർക്കാർ കത്തും (SRG 503/20/ LSGD - DC1/30/20/LSGD)**

ഒ.ഡി.എഫുമായി ബന്ധപ്പെട്ട് ദുർഘട സ്ഥലത്തു നിർമ്മിക്കുന്ന വ്യക്തിഗത ഗാർഹിക കക്കൂസുകൾക്ക് യൂണിറ്റ് കോസ്റ്റിന് പുറമെ അധിക സഹായം നൽകുന്നതിന് CSR ഫണ്ട് പല സ്ഥാപനങ്ങളും ശുചിത്വ മിഷന് നൽകിയിരുന്നു. കൊച്ചിൻ ഇന്റർ നാഷണൽ എയർ പോർട്ട് ലിമിറ്റഡ് (CIAL), കൊച്ചിൻ ഷിപ് യാർഡ്, KSIDC, ബിവറേജസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ആകെ 5,50,50,000/- രൂപ നൽകിയിരുന്നു. ഇതിൽ 2,25,62,628/- രൂപ ( 1,07,70,992/- രൂപ ശുചിത്വ മിഷൻ ഹെഡ് ഓഫീസിലും 1,17,91,636/- രൂപ വിവിധ ജില്ലാ ഓഫീസിലും) മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് ശുചിത്വ സന്ദേശം കുട്ടികളിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതി ശുചിത്വ മിഷൻ നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 780 സ്കൂളുകളിലായി 3040 ബിന്നുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പ്രതീക്ഷിക്കുന്ന ചെലവ് 2,24,96,000/- രൂപയാണ്. CSR-ൽ മിച്ചമുള്ള തുക ഇതിനുപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

സ്കൂളുകളിൽ ഒരു ബിൻ സ്ഥാപിക്കാൻ 7,421 രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിനു പകരം ബഹു.മുഖ്യമന്ത്രിയുടെ 12 ഇന പരിപാടിയിലെ ടോയിലറ്റുകൾ സ്ഥാപിക്കാനും സ്കൂളുകളിലും ആശുപത്രികളിലും ടോയിലറ്റുകൾ സ്ഥാപിക്കാനും ഉപയോഗിക്കുന്നത് കൂടുതൽ നന്നായിരിക്കുമെന്ന് യോഗം വിലയിരുത്തി. കൂടാതെ വർഷങ്ങളായി പൊതു സ്ഥലങ്ങളിൽ dumb ചെയ്തിരിക്കുന്ന മാലിന്യം (Legacy waste) സംസ്കരിക്കുന്നതിനും ഈ തുക ഉപയോഗിക്കുന്നത് പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതു കൂടി പരിഗണിച്ച് ശുചിത്വ മിഷൻഎക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ബഹു.മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടോയിലറ്റുകളുടെ നിർമ്മാണത്തിന് ചെലവിന്റെ 50 ശതമാനം തുക (പരമാവധി 7.00 ലക്ഷം രൂപ) എന്ന നിരക്കിൽ ശുചിത്വ മിഷൻ വിഹിതമായി ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ലെഗസി വേസ്റ്റ് ശാസ്ത്രീയപരമായി സംസ്കരിക്കുന്നതിന് (ബയോ മൈനിംഗ്) ഈ തുക ഉപയോഗിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

**തീരുമാനം:-** ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ച പ്രകാരം മിച്ചമുള്ള CSR തുക 12 ഇന പരിപാടിയുടെ ഭാഗമായി ടോയിലറ്റ് നിർമ്മിക്കാനും ലെഗസി വേസ്റ്റ് സംസ്കരിക്കുന്നതിനും ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 2.4(4.4) എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

### എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2019-ലെ സി.6-2242/19-ാം നമ്പർ കത്തും 07.03.2019-ലെ 7(7)-ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG.383/20/ LSGD - DB1/505/2019/LSGD)

2019 ഓഗസ്റ്റ് മാസത്തിലെ മഴയിൽ പഞ്ചായത്തിലെ താഴെപ്പറയുന്ന രണ്ടുപേരുടെ വീട്ടു തകർന്നുപോയി.

1) ശ്രീ. ഷിബു.കെ.സി, കരിക്കാട്ടിൽ - വാർഡ് 7
2) ശ്രീമതി. ജോളി വർഗ്ഗീസ്,കോന്നാട്ടുപ്ലാക്കൽ - വാർഡ് 8

ഇവരുടെ വീട് താമസയോഗ്യമല്ലാത്തതിനാൽ ഇപ്പോൾ വാടക വീട്ടിലാണ് താമസം. ഇവർക്ക് വീട് വച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രളയത്തിൽ തകർന്നതാകയാൽ SDRF ൽ നിന്ന് ധനസഹായം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.4(4.7) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

### പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2019-ലെ കത്ത് 25.09.2019-ലെ 3/3(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും (SRG 385/20 - (LSGD - DD1/9/20/LSGD)

നബാർഡ് RIDF XVI പദ്ധതി പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ മാറഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിട നിർമ്മാണത്തിന് 1,83,14,531/- രൂപയ്ക്ക് അനുമതി ലഭിച്ചിരുന്നു. സാങ്കേതികാനുമതി തുകയായ 1,60,25,736/- രൂപയുടെ സിവിൽ വർക്കുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചു. 21.01.2014ൽ എഗ്രിമെന്റ് വച്ചു. കരാർ പ്രകാരം 31.03.2016-ന് നിർമ്മാണം പൂർത്തിയാക്കണമായിരുന്നു. എന്നാൽ 2019 ജനുവരിയിലാണ് നിർമ്മാണം പൂർത്തയാക്കിയത്. ഈ കാലയളവിൽ കരാറുകാരന് പാർട്ട് ബിൽ പ്രകാരം തുക നൽകി. ഇപ്പോൾ ഫൈനൽ ബിൽ തയ്യാറാക്കി. തുക 21.00 ലക്ഷം രൂപ. കരാർ പ്രകാരമുള്ള തീയതിക്കകം പണി പൂർത്തിയാക്കാത്തതിനാൽ നിയമപ്രകാരം പിഴ ഈടാക്കണം. ഇത് ഏകദേശം 61.00 ലക്ഷം രൂപ വരും. ഇത് ഫൈനൽ ബിൽ തുകയെക്കാൾ വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ 18.08.2018-ലെ AC 2/223/2015/ തസ്വഭവ സർക്കുലർ പ്രകാരമുള്ള പുതുക്കിയ നിരക്കിലുള്ള പിഴ ഈടാക്കാനും ഫൈനൽ ബിൽ മാറാനുമുള്ള അനുവാദം നൽകണമെന്നു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകി

**റിപ്പോർട്ട്:-** സർക്കാരിന്റെ മുകളിൽ പറഞ്ഞ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസത്തിലെ കരാർ തുകയുടെ 1% (1,000/-രൂപയിൽ കുറയാതെയും 50,000/-രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മാസത്തിനും

കരാർ തുകയുടെ 2% (2,000/-രൂപയിൽ കുറയാതെയും 1,00,000/-ൽ കവിയാതെയും) പിഴ ചുമത്താവുന്നതാണ്. കരാറുടമ്പടി പ്രകാരം പൂർത്തിയാക്കേണ്ട സമയത്തിനുശേഷം 34 മാസം കൂടി എടുത്തുകൊണ്ടാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. മേൽ സർക്കുലർ പ്രകാരം കണക്കാക്കു മ്പോൾ 10.50 ലക്ഷം രൂപയാണ് പിഴ വരുന്നത്. ടി തുക ഫൈനൽ ബില്ലിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കാവുന്നതാണ് എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരിക്കുന്നു.

**തീരുമാനം:-** പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 2.4(4.39) കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.20-ലെ കത്ത്(SRG/437/20 CC 367/20)**

***പ്രോ.നം. 252/20 അടങ്കൽ 1,20,000/-രൂപ (തനത് ഫണ്ട്)***

***പേര് - അഷ്ടമിച്ചിറ - വൈന്തല - PWD റോഡ് സർവ്വേ നടത്തുന്നതിനുള്ള തുക***

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലൂടെ കടന്ന്പോകുന്ന അഷ്ടമിച്ചിറ വൈന്തല അന്നമനട PWD റോഡിന്റെ പുനർ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള പ്രോജക്ട്. സർവ്വേ നടത്തുന്നതിന് ഫണ്ട് ലഭ്യമല്ല എന്ന് ജില്ലാ സർവ്വേ സൂപ്രണ്ട് അറിയിച്ച പ്രകാരമാണ് പഞ്ചായത്ത് തുക വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ ഭരണ സമിതി തീരുമാന മെടുത്തിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

ഇതു പരിശോധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-** ഈ റോഡിന്റെ പല ഭാഗത്തും വീതി കുറവായതിനാൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കാന നിർമ്മിക്കുന്നതിനും കയ്യേറ്റം ഒഴിവാക്കുന്നതിന് സർവ്വേ നടത്തുന്നതിനുമാണ് പ്രോജക്ട് വച്ചിട്ടുള്ളത്. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒരു പൊതു താല്പര്യ ഹർജി ബഹു. ഹൈക്കോടതിയിൽ ഉണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം:-** ഇത് ഒന്നുകൂടി വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 2.4(4.41) പെരുമ്പളം ഗ്രാമ പഞ്ചായത്ത്

### ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.05.20-ലെ കത്ത്(SRG/401/20 CC 451/20)

പെരുമ്പളം ഗ്രാമപഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ്. നിർമ്മാണ പ്രവർത്തനത്തിനും മറ്റും സാധന സാമഗ്രികൾ ജങ്കാറിൽ ആണ് എത്തിക്കുന്നത്. ആലപ്പുഴ ജില്ലയിൽ മൊത്തമായിട്ടുള്ള കോസ്റ്റ് ഇൻഡക്സാണ് ഈ പഞ്ചായത്തിനും അനുവദിച്ചിരിക്കുന്നത്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ സായി പുന്നമട കോസ്റ്റ് ഇൻഡക്സ് ഈ പഞ്ചായത്തിനും ബാധകമാക്കണമെന്നതു സംബന്ധിച്ച്

ഇത് പരിശോധിച്ച് തദ്ദേശസ്വയം ഭണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** നിലവിൽ റോഡ് മാർഗ്ഗമുള്ള കൺവയൻസ് നിരക്കാണ് പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജങ്കാർ മാർഗ്ഗം സാധന സാമഗ്രികൾ ഇവിടെ എത്തിക്കുമ്പോൾ m3 ന് 274.41 രൂപ അധികമായി നൽകേണ്ടി വരുന്നുണ്ട്. ഇത് കാരണം സാധന സാമഗ്രികളുടെ നിരക്ക് സൈറ്റിൽ എത്തുമ്പോൾ ഗണ്യമായി വർദ്ധിക്കുന്നു. അതിനാൽ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നു. അതിനാലാണ് സമാന സാഹചര്യമുള്ള സായി പുന്നമടയ്ക്ക് അനുവദിച്ച കോസ്റ്റ് ഇൻഡക്സ് ഇവിടെയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ആവശ്യം പരിഗണിക്കാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

**തീരുമാനം:-** ഇത് അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ധന വകുപ്പിന് നൽകണം.

**നടപടി-1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 3. പൊതു വിഷയങ്ങൾ

**3.1** ബഹു.മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ടതാണ് തെരുവു വിളക്കുകൾ എൽ.ഇ.ഡി. ലൈറ്റുകൾ ആക്കുക എന്നത്. എല്ലാ ഗ്രാമപഞ്ചായത്തു കളുടെയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 'നിലാവ്'എന്ന പദ്ധതി സംബന്ധിച്ച വിശദമായ ഉത്തരവ് 10.08.2020-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള നടപടി ക്രമങ്ങൾ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അടിയന്തിരമായി കൈക്കൊള്ളണം

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**3.2** തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽ ഓവർ, സ്പെഷ്യൽ പ്രോജക്ട് എന്നിവ കൂടി ചേർത്ത് വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന ദിവസം 10.08.2020 ആയിരുന്നു.10.08.2020 വരെ

ആകെ 1154 തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി അന്തിമാക്കി സമർപ്പിച്ചു. വിശദാംശം താഴെപ്പറയുന്നു.

| തദ്ദേശഭരണ സ്ഥാപനം | ആകെ (എണ്ണം) | സമർപ്പിച്ചത് (എണ്ണം) | ഇനിയും സമർപ്പിക്കാനുള്ളത് (എണ്ണം) |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 941 | 916 | 25 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 152 | 0 |
| ജില്ലാ പഞ്ചായത്ത് | 14 | 13 | 1 |
| മുനിസിപ്പാലിറ്റി | 87 | 71 | 16 |
| കോർപ്പറേഷൻ | 6 | 2 | 4 |
| **ആകെ** | **1200** | **1154** | **46** |

ഇത് യോഗം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന വകുപ്പ് ഒഴിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ നടപടിക്രമം അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ വകുപ്പ മേധാവികളോട് നിർദ്ദേശിച്ചു. കൂടാതെ വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുവരെ സമർപ്പിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കി കത്തു നൽകുന്ന മുറയ്ക്ക് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം നേയും എസ്.ആർ.ജി.യേയും ചുമതലപ്പെടുത്തി.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**

**3) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**3.3** തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും മലപ്പുറം മുനിസിപ്പാലിറ്റിയിലും ധനകാര്യ കമ്മീഷൻ ഗ്രാന്റ് നൽകിയിരിക്കുന്നത് നഗര സഞ്ചയങ്ങൾ (Urban aglomerations) അടിസ്ഥാന മാക്കിയുള്ള പദ്ധതികൾ നടപ്പാക്കാനാണ്. ഒരു പ്രധാന നഗരവും (മുകളിൽ പറഞ്ഞവ) അതിനോട് ചേർന്ന് തുടർച്ചയായി കിടക്കുന്ന സെൻസസ് ടൗണുകൾ, സ്റ്റാറ്റ്യൂട്ടറി ടൗണുകൾ അഥവാ മുനിസിപ്പാലിറ്റികൾ, ഔട്ട് ഗ്രോത്തുകൾ എന്നിവയും ചേരുന്ന പ്രദേശത്തെയാണ് നഗരസഞ്ചയമായി നിശ്ചയിച്ചിട്ടുള്ളത്. ഇവിടെ മാർഗ്ഗരേഖ പ്രകാരമുള്ള ഒരു വികസന രീതി അവലംബിക്കുന്നതിന് പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്ന് യോഗം വിലയിരുത്തി. ഇത് അവലോകനം നടത്തുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ.കെ.എൻ ഹരിലാലിനേയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും യോഗം ചുമതലപ്പെടുത്തി. ഈ പ്രശ്നം ആഗസ്റ്റ് മാസത്തിൽ തന്നെ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**3.4** സുഭിക്ഷ കേരളം പദ്ധതിയിൽ കുളത്തിൽ മത്സ്യകൃഷി വിപുലമായി നടക്കുന്നുണ്ട്. എന്നാൽ പൊതു കുളങ്ങൾ പൊതുജനങ്ങൾ കുളിക്കാനും മറ്റും ഉപയോഗിക്കുന്നതാണ്. മത്സ്യങ്ങൾക്ക് ആഹാരം നൽകേണ്ടതുണ്ട്. ഇത് ഇത്തരം കുളങ്ങളെ മലിനമാക്കും. ഇത് ഒഴിവാക്കണം. ഇതുകൂടി പരിഗണിച്ചു വേണം ഇത്തരം കുളങ്ങളിൽ മത്സ്യകൃഷി നടത്തേണ്ടത്. കൂടാതെ കുളത്തിലെ

മത്സ്യക്കൃഷി പരിപാടി മോണിട്ടർ ചെയ്യാൻ തദ്ദേശഭരണ സ്ഥാപനത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. ഇതിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തണം. ആവശ്യമായ പ്രദേശങ്ങളിൽ അയൽക്കൂട്ടങ്ങൾക്കും മോണിറ്ററിംഗ് അടക്കമുള്ള ഇടപെടൽ നടത്താവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

3.5 ഇതുവരെ 26 ശതമാനം പദ്ധതി ചെലവ് കൈവരിച്ചത് മികച്ച നേട്ടമാണ് എന്ന് യോഗം വിലയിരുത്തി. എന്നാൽ ഇതിൽ 6 ശതമാനം മാത്രമാണ് പുതിയ പ്രോജക്ടുകളുടെ ചെലവ്. പുതിയ പ്രോജക്ടുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ബിൽ കൃത്യമായി തയ്യാറാക്കി ട്രഷറികളിൽ നൽകണം. ബിൽ സമർപ്പിക്കുന്നതിൽ കാലതാമസം ഒഴിവാക്കുകയും നടപടികൾ കൃത്യമായി പാലിക്കുകയും ചെയ്യണം. സാധ്യമായിടത്ത് പാർട്ട് ബില്ലുകളും നൽകണം. മുൻകാലങ്ങളെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് കുറവാണ്. പഞ്ചായത്ത് ഡയറക്ടർ നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ വകുപ്പ മേധാവികൾ പദ്ധതി നിർവഹണം കൃത്യമായി അവലോകനം ചെയ്യണം. ഇതിന്റെ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. എറണാകുളം, കോട്ടയം, കൊല്ലം, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ പദ്ധതി ചെലവ് കുറയാനുള്ള കാരണം വകുപ്പ മേധാവികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. ഇതിനായി വകുപ്പ മേധാവികൾ ഈ ജില്ലകളിലെ പദ്ധതി നിർവഹണം പ്രത്യേകമായി അവലോകനം ചെയ്യണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

3.6 ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിക്ക് ലഭിച്ച വിഹിതം പല ബ്ലോക്ക് പഞ്ചായത്തുകളുടെയും അക്കൗണ്ടിൽ ചെലവഴിക്കാതെ മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് ഭവന നിർമ്മാണമടക്കം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾ അനുമതി ആവശ്യപ്പെടാറുണ്ട്. എന്നാൽ ഐ.എ.വൈ. പദ്ധതിക്ക് ലഭിച്ചതും ചെലവഴിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലായി സൂക്ഷിച്ചിരിക്കുന്നതുമായ തുക പി.എം.എ.വൈ. ഭവന പദ്ധതിക്കായി വിഹിതം നൽകുന്നതിന് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിഹിതം നൽകിയതിനുശേഷം മിച്ചമുള്ള തുക മാത്രമേ മറ്റു ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിക്കുന്നു. അതിനായി കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

3.7 ബഡ്സ് സ്കൂളിന്റേയും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളുടേയും പ്രവർത്തനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക അപര്യാപ്തമാണെന്നും പലപ്പോഴും ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം വക്കാൻ അനുമതിയുണ്ടെങ്കിലും ദൈനംദിന പ്രവർത്തനത്തിന് ഫണ്ടിന്റെ കുറവുണ്ട്. ഈ

സാഹചര്യത്തിൽ ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ പ്രവർത്തനം, ഫണ്ടിന്റെ ലഭ്യത, മറ്റു പ്രശ്നങ്ങൾ ഇവ പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം പ്രത്യേകമായി ചർച്ച ചെയ്യാനും തീരുമാനിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**3.8** വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം നൽകുന്നതിന് പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് എടുക്കാറുണ്ട്. ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് നടപ്പാക്കുന്നത്. ഈ ധനസഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാവുന്നതല്ല. ഇത് ബന്ധപ്പെട്ട ആശുപത്രി മുഖേനയാണ് നൽകുന്നത്. ഈ രീതി തദ്ദേശഭരണ സ്ഥാപനങ്ങൾ തുടരേണ്ടതാണ്. ആഴ്ചയിൽ പരമാവധി 1000/- രൂപ ക്രമത്തിൽ പ്രതിമാസം 4000/- രൂപ വരെ പരമാവധി നൽകുന്ന രീതിയിലാണ് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുള്ളത്. ഈ നിരക്ക് പുനഃപരിശോധിക്കണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**3.9** സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് തൊഴിലാളികളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്. ഈ പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ 5 വർഷം എത്ര തുക മാറ്റി വച്ചു, എത്ര ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ ശേഖരിക്കണം. കൂടാതെ ഇവിടെ എത്ര പേർക്കാണ് വീടു വച്ചു നൽകേണ്ടത്, കഴിഞ്ഞ 5 വർഷക്കാലങ്ങളിൽ ഇവിടെ ലക്ഷ്യമിട്ടത് എത്രയാണ്, എത്ര പൂർത്തീകരിച്ചു എന്നീ വിവരങ്ങൾ അടിയന്തിരമായി ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പായി പഞ്ചായത്ത് ഡയറക്ടർ നൽകണം. ഇതിന്മേൽ ആവശ്യമായ വിവരങ്ങൾ ഐ.കെ.എം. ലഭ്യമാക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3.10** വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേനയുള്ള വിദ്യാഭ്യാസ രീതിക്ക് അനിവാര്യ പഠനോപകരണമായ ലാപ് ടോപ് ലഭ്യമാക്കുന്നതിന് കെ.എസ്.എഫ്.ഇ. കുടുംബശ്രീയുമായി ചേർന്ന് 'വിദ്യാശ്രീ' എന്ന സ്കീം നടപ്പാക്കുന്നുണ്ട്. 500 രൂപ വീതം 30 മാസത്തവണകളായി അടച്ച് ആകെ 15,000/- രൂപ വരുന്ന ഈ സൂക്ഷ്മ സമ്പാദ്യ പദ്ധതിയിൽ ചേരുന്നവർക്ക് ആദ്യ മൂന്നു തവണകൾ അടച്ചു തീരുമ്പോൾ (15,000/- രൂപ) 15,000/- രൂപയിൽ താഴെ വില വരുന്ന ലാപ് ടോപ് ലഭിക്കും. ഓൺ ലൈൻ വിദ്യഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പരമാവധി ഈ സ്കീം പ്രയോജനപ്പെടുത്തേണ്ടതാണ്.
ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകണം.

എന്നാൽ ബിരുദം, ബിരുദാന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് ഐ.റ്റി മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ ഉത്തരവായുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് തന്നെ നൽകേണ്ടതാണ്. കെ.എസ്.എഫ്.ഇ.യുടെ പദ്ധതി പ്രകാരമുള്ള ലാപ് ടോപ്പുകൾ ഈ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമല്ലാത്ത തിനാൽ ഈ സ്കീമിൽ (വിദ്യാശ്രീ) ഉൾപ്പെടുത്താവുന്നതല്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

**====================**

**4.1 Kerala Small Industries Development Corporation Ltd.**

**SIDCO മാനേജിംഗ് ഡയറക്ടറുടെ 03.07.20 ലെ SIDCO/MDS/ജനറൽ / 2020-21-ാം നമ്പർ കത്ത്** (SRG 607**/20)**

കേരളത്തിലാകമാനം സിഡ്കോയുടെ 9 പ്രൊഡക്ഷൻ യൂണിറ്റുകളിലായി Foot operated " Handsfree sanitizer Dispenser" ന്റെ ഉല്പാദനം നടത്തുന്നുണ്ട്. GST ഉൾപ്പടെ വില 1300/- രൂപ. തദ്ദേശഭരണസ്ഥാപനങ്ങൾക്കാവശ്യമായി വരുന്ന ഈ ഉപകരണം സിഡ്കോയിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.2 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20 ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.06.20 ലെ** C/848/20-ാം **നമ്പർ കത്തും (SRG 512/20- CC/476/20)**

ഐ.എ.വൈ.ഭവനപദ്ധതികൾക്കായി വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ കാലാകാലങ്ങളിൽ നൽകിയ അധികവിഹിതത്തിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്ന തുകയിൽ നിന്നും 2,30,00,000/- രൂപ വിനിയോഗിച്ച് ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട 110 ഗുണഭോക്താക്കൾക്ക് (ജനറൽ 70, പട്ടികജാതി വിഭാഗം 40) ഭൂമി വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഐ.എ.വൈ ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽ മിച്ചമുള്ളതിൽ നിന്ന് പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് വിഹിതം നൽകുന്നതിന് ഉപയോഗിക്കേണ്ടതാണ്. ഇത്തരം ഗുണഭോക്താക്കൾക്ക് വിഹിതം നൽകിയതിനുശേഷം മിച്ചമുള്ള തുക ഉപയോഗിച്ച് ഭൂമി വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.3 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 03.07.2020 ലെ കത്തും അനുബന്ധ രേഖകളും** (SRG - 608/20)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് തുണി ഉപയോഗിച്ച് മാസ്കുകൾ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫെയ്സ് മാസ്കുകൾ KVIB-യിൽ നിന്നു വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്. ഒരു മാസ്കിന്റെ വില 15 രൂപയാണ്. ആയിരത്തിലധികം ഒരുമിച്ചു വാങ്ങുകയാണെങ്കിൽ 12 രൂപ.

**തീരുമാനം** :- അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.എ/ആർ.ബി) വകുപ്പ്**

## 4.4 താന്ന്യം ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.06.20 ലെ 1257/2018/**RO1/DPM **കത്തും (2 എണ്ണം) പരിശോധനാ റിപ്പോർട്ടും.** (SRG 518/20 **CC /553/20)**

***പ്രോ.നം. 199/21*** ***അടങ്കൽ - 31,00,000/- രൂപ***

***(തനത് ഫണ്ട് - 2,75,000/- രൂപ***

***ഗ്രാമപഞ്ചായത്ത് വിഹിതം - 2,75,000/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,50,000/- രൂപ***

***ജില്ലാ പഞ്ചായത്ത് വിഹിതം - 20,00,000/ രൂപ)***

***പേര് - ചെമ്മാപ്പിള്ളി തൂക്കുപാലം അറ്റകുറ്റപ്പണി***

ദുരന്ത പ്രതികരണനിധി (SDRF) ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും താന്ന്യം ഗ്രാമപഞ്ചായത്തിലെ **PWD** റോഡിൽ ആരംഭിച്ച് മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കനോലി കനാലിനു കുറുകെയായി നിർമ്മിച്ച് നാട്ടിക പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നതുമായ ചെമ്മാപ്പിള്ളി തൂക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിന് താന്ന്യം ഗ്രാമപഞ്ചായത്തിനെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണിക്കായി 31.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ **KEL** നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപയും തളിക്കുളം, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തുകളും നാട്ടിക, താന്ന്യം ഗ്രാമപഞ്ചായത്തുകളും 2.75 ലക്ഷം രൂപ വീതവും വകയിരുത്തി 31.00 ലക്ഷം രൂപയുടെ പ്രോജക്ടിന് (2020-21 വർഷം) ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്തതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകം അനുമതി സംബന്ധിച്ച്.

**തിരുമാനം** :- അനുമതി നൽകുന്നു. എന്നാൽ നിർവഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നിലവിലെ മാനദണ്ഡം പാലിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്**

## 4.5 വെച്ചൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20 20 ലെ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.05.20 ലെ** A1-6128/17-ാം **നമ്പർ കത്തും** (SRG 469/20- CC/458/20).

***പ്രോജക്ട് നം. 43/21*** ***അടങ്കൽ 2,00,000/ രൂപ***

***(വികസനഫണ്ട്)***

***പേര് – ക്യാൻസർ രോഗികൾക്കുള്ള ധാന്യകിറ്റ് വിതരണം***

പഞ്ചായത്തിലെ ക്യാൻസർ രോഗികൾക്കുള്ള ധാന്യകിറ്റ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 വെച്ചൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2020 ലെ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.05.20 ലെ** A1-6128/17-ാം **നമ്പർ കത്തും (SRG** 470**/20- CC/** 459/20).

***പ്രോജക്ട് നം. 38/21*** ***അടങ്കൽ 4,97,000 രൂപ***

*(CFC)*

***പേര് – CCTV ക്യാമറ സ്ഥാപിക്കൽ***

മാലിന്യ നിക്ഷേപം തടയുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ **CCTV** ക്യാമറ സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും ജില്ലാ ആസൂത്രണ സമിതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.7 ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20 ലെ കത്തും ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26.05.20 ലെ** A1-1/2019-ാം **നമ്പർ കത്തും (SRG 471/20 – CC/442/20)**

***പ്രോജക്ട് നം.138/21*** ***അടങ്കൽ 71,400/- രൂപ (SCP)***

***പേര് – എസ്.സി.വിഭാഗക്കാർക്ക് കെൽട്രോണിൽനിന്ന് തൊഴിലധിഷ്ഠിത പരിശീലനം.***

പട്ടികജാതി വിഭാഗത്തിലെ +2 അടിസ്ഥാനയോഗ്യതയുള്ള കുട്ടികൾക്ക് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്ന കോഴ്സിൽ പരിശീലനം നൽകാനുള്ള പ്രോജക്ട്. ആറുമാസം ദൈർഘ്യമുള്ള കോഴ്സ്. ആകെ ഫീസ് 7140/- രൂപയും 6000/- രൂപ സ്റ്റൈപ്പന്റും (പ്രതിമാസം 1000/- രൂപ). ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച് .

**തീരുമാനം** :- പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.8 കോഴിക്കോട് കോർപ്പറേഷൻ**

**കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 14.01.20 ലെ** K3/52564/19-ാം **നമ്പർ കത്ത് (SRG 445/20-LSGD/DC1/58/20/LSGD)**

2017-18, 2018-19 വർഷങ്ങളിൽ ഗാർഹിക ശൗചാലയങ്ങൾ നവീകരിക്കുന്ന പദ്ധതി പ്രകാരം 375 പേർക്ക് 15,400/- രൂപ വീതം ഓരോ വർഷവും നൽകുന്നതിന് 57,75,000/- രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ ഗഡുക്കൾ നൽകി. 2019-20 ലും ഇതിനായി പ്രോജക്ട് എടുത്തിരിക്കുന്നു. ഇതിന് സാധൂകരണം നൽകണമെന്നും തുടർന്ന് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല എന്ന് യോഗത്തിൽ

നഗരകാര്യ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. അതിനാൽ പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.9 Kerala Urban & Rural Development Finance Corporation Ltd. (KURDFC)

**KURDFC മാനേജിംഗ് ഡയറക്ടറുടെ 27.02.20 ലെ KURDFC/A2/249/06-ാം നമ്പർ** കത്ത്. (SRG-458/20 – LSGD- IA2/37/2020 – LSGD)

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന പ്രവർത്തനത്തിന് KURDFC വായ്പ നൽകാറുണ്ട്. പല തദ്ദേശഭരണസ്ഥാപനങ്ങളും കുടിശ്ശിക വരുത്തിയിട്ടുണ്ട്. തനതുഫണ്ടിന്റെ കുറവും കുടിശിക ഉണ്ടാകാൻ കാരണമാണ്. ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ചെലവഴിക്കാത്ത വികസനഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കുടിശ്ശിക അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. കുടിശ്ശിക വരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ വകുപ്പിനു നൽകിയിട്ടുണ്ട്.

**തീരുമാനം** :- ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

4.10 **കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്**

**ബഹു.മഞ്ചേരി എം.എൽ.എയുടെ 12.02.20 ലെ കത്തും കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 10.02.20 ലെ കത്തും 03.02.20 ലെ 4/1-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനവും** (SRG/457/20 – LSGD-DA1/04/20 LSGD)

പഞ്ചായത്തിൽ സൊസൈറ്റീസ് ആക്ട് പ്രകാരമുള്ള അനാഥാലയത്തിനു കീഴിൽ ഡി.എൻ.ഒ (ദാറുന്നജാത്ത്ഓർഫനേജ്) അപ്പർ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. എയ്ഡഡ് സ്കൂൾ ആണ്. 2019-20-ൽ ഇതിനായി 4,95,000/- രൂപ തനത് ഫണ്ടിനത്തിൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നില്ല. ഈ സ്കൂളിൽ ക്ലാസ്സ് മുറിയിലും നടുമുറ്റത്തും ടൈൽ പാകുന്നതിന് പ്രോജക്ടു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** : അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.11 **യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

**യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 08.02.20 ലെ Sm (Works) 2102/2019-20-ാം നമ്പർ കത്ത്**. (SRG 447/20-LSGD-DA3/39/2020 LSGD)

13.08.2018 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31.08.2018 ലെ 2330/2018/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് LED ലൈറ്റുകൾ ഉൾപ്പടെയുള്ള തെരുവുവിളക്കുകൾ ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നു വാങ്ങാൻ അനുമതി നൽകിയിരുന്നു. ഇങ്ങനെ വാങ്ങുന്ന ഉപകരണങ്ങളുടെ വില കമ്പനിക്ക് അഡ്വാൻസായി നൽകണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.01.20 ലെ കത്തും കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ 09.12.19 ലെ റിപ്പോർട്ടും കോർഡിനേഷന് കമ്മിറ്റിയുടെ 06.12.2019 ലെ യോഗ തീരുമാനവും (ഖണ്ഡിക 4.67) (SRG 448/20-LSGD DB4/21/20/LSGD)**

***പ്രോജക്റ്റ് നം- 1074/20***

***അടങ്കൽ 25,00,000/- രൂപ***

***(വികസനഫണ്ട് – 20,00,000/- രൂപ***

***ഗുണഭോക്തൃവിഹിതം – 5,00,000/- രൂപ)***

***പേര് – കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്ക് ജൈവപച്ചക്കറി കൃഷി***

കുടുംബശ്രീ ഗ്രൂപ്പുമുഖേന ജൈവ പച്ചക്കറി കൃഷിക്കുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഈ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നത്. കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ 2018-19 ൽ ഇതു നടപ്പാക്കിയിരുന്നു. ഇത് 2019-20 ലും നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മുൻവർഷം ഇതു നടപ്പാക്കിയതു സംബന്ധിച്ച റിപ്പോർട്ട് നൽകാൻ 06.12.19 ലെ കോർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച വിശദാംശം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന നൽകികൊണ്ട് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| പ്രോജക്ട അടങ്കൽ | 25.00 ലക്ഷം രൂപ |
| ചെലവ് | 23,73,000/- രൂപ |
| പ്രോജക്ട പ്രകാരം ഗ്രൂപ്പുകളുടെ എണ്ണം | 238 |
| പ്രോജക്റ്റ് നടപ്പാക്കിയ ഗ്രൂപ്പുകൾ | 226 |
| നൽകിയ വസ്തുക്കൾ | |
| പച്ചക്കറി വിത്ത് | 135.6 കിലോ |
| പച്ചക്കറി തൈകൾ | 81360 എണ്ണം |
| ജൈവവളം | 113 മെട്രിക് ടൺ |
| ജൈവ കീടനാശിനി | 734.5 ലിറ്റർ |
| **പച്ചക്കറി വിറ്റുവരവ്** | **102.11 ലക്ഷം രൂപ** |

**തീരുമാനം** :- കഴിഞ്ഞ വർഷം ഈ പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല എന്ന് യോഗം നിരീക്ഷിച്ചു. സ്പിൽ ഓവറായിട്ടോ പുതിയതായിട്ടോ ഈ വർഷം നടപ്പാക്കാവുന്നതാണെന്ന് ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.13 ചുങ്കത്തറ ഗ്രാമപഞ്ചായത്ത്**

**ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.01.19 ലെ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 10.02.2020 ലെ PAN/20983/2018/J5 (DP) നമ്പർ പഞ്ചായത്ത് ഭരണസമിതിയുടെ 04.01.2019 ലെ 6/1-ാം നമ്പർ തീരുമാനവും** (SRG 450/20-LSGD DA2/60/2019-LSGD)

2015-16 ൽ പൈപ്പ് കമ്പോസ്റ്റ് വിതരണം എന്ന പ്രോജക്ട് (പ്രോ.നം. 166/16) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡർ ലിസ്റ്റിൽ ഉള്ള എവർഷൈൻ **SHG Biogas** എന്ന കമ്പനിയെ ടെണ്ടറിലൂടെ തെരഞ്ഞെടുത്തു. 1200 ഗുണഭോക്താക്കൾക്ക് പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്തു. യൂണിറ്റ് ഒന്നിന് ചെലവ് 895/- രൂപ. ആകെ ചെലവ് 10,74,000/- രൂപ. എന്നാൽ കമ്പനിക്ക് ബിൽ തുക നൽകിയില്ല. തുടർന്ന് കമ്പനി ബഹു. ഹൈക്കോടതിയിൽ **WP(C) No. 4572/2017** ആയി കേസ് ഫയൽ ചെയ്തു. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കമ്പനി പഞ്ചായത്തുമായി ചർച്ച ചെയ്തു. തുക നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചതനുസരിച്ച് കമ്പനി കേസ് പിൻവലിച്ചു. എന്നാൽ ഇത്രയധികം കാലതാമസം വന്നതിനാൽ തുക നൽകാൻ സർക്കാർ അനുമതി വേണമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതനുസരിച്ച് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്. തുക ശുചിത്വമിഷൻ **(75%)**, പഞ്ചായത്ത് വിഹിതം (15%) ഗുണഭോക്തൃവിഹിതം (10%) എന്ന ക്രമത്തിലാണ്. കമ്പനി പ്രവർത്തി തൃപ്തികരമായാണ് പൂർത്തിയാക്കിയതെന്ന് ഭരണസമിതി അറിയിച്ചിട്ടുണ്ട്.

**തീരുമാനം** :- ഇത് വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാന മെടുക്കാൻ നിർദ്ദേശിക്കുന്നു. അഞ്ച് വർഷത്തോളം കാലതാമസം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗ സ്ഥന്റെ അനാസ്ഥയും പരിശോധിക്കണം

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**4.14 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31.03.20 ലെ** B7-1571/19-**ാം നമ്പർ കത്തും** (SRG 541/20 - CC/468/20)

***പ്രോജക്ട് നം. 1069/20***

***അടങ്കൽ 29,00,000/- രൂപ***
***(റ്റി.എസ്.പി)***

***പേര് – കണ്ണൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഫർണിച്ചർ വിതരണം.***

ജില്ലയിൽ പട്ടുവത്ത് ആൺകുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടതാണെങ്കിലും വിദ്യാർത്ഥികളുടെ കിടക്ക, കട്ടിൽ എന്നിവ ഉപയോഗശൂന്യമായിട്ടുണ്ട്. കൂടാതെ ഹൈസ്കൂൾ തലത്തിലെ മേശ, കസേര എന്നിവയും ഉപയോഗശൂന്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് 2.00 ലക്ഷത്തിൽ താഴെയുള്ള പർച്ചേസിനാണ് അനുമതിയുള്ളത്. അതിനാൽ ഇവിടേക്കാവശ്യമായ കിടക്ക, കട്ടിൽ ഹൈസ്കൂളിലെ സ്റ്റാഫ്റൂമിലേക്ക് മേശ, കസേര എന്നിവയും വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.15 എരഞ്ഞോളി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20 ലെ കത്ത്** (SRG 545/20 - CC/482/20)

***പ്രോജക്ട് നം. 51/21*** ***അടങ്കൽ 13,00,000/- രൂപ***

***(വികസനഫണ്ട് - 4,08,000/- രൂപ***

***ജില്ലാ പഞ്ചായത്ത് വിഹിതം - 5,00,000/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,00,000/- രൂപ***

***തനത് ഫണ്ട് - 1,92,000/- രൂപ )***

***പേര് – എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് 2020-21***

എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതത്തോടൊപ്പം ജില്ല/ബ്ലോക്ക് പഞ്ചായത്തും വിഹിതവും വകയിരുത്തിയിട്ടുണ്ട്. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം അടിസ്ഥാന വികസനത്തിന് (കെട്ടിട നിർമ്മാണം, വർക്ക് ഷെഡ് നിർമ്മാണം, ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ) ഉപയോഗിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. തനത് ഫണ്ട് കുറവായതിനാൽ വരും വർഷങ്ങളിലെല്ലാം ജില്ലാ /ബ്ലോക്ക് പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദൈനംദിന പ്രവർത്തനത്തിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.16 മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20 ലെ കത്ത്**(SRG /546/20 - CC/303/20)

***പ്രോജക്ട് നം.*** 2309/20 ***അടങ്കൽ 30,00,000/- രൂപ***

***(ഈ വർഷത്തെ നം. 657 / 21)*** ***(വികസനഫണ്ട് )***

***പേര് – വൈരങ്കോട് ഭഗവതി ക്ഷേത്രത്തിന് ഊട്ടുപുര നിർമ്മാണം***

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്കായി ഊട്ടുപുര നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കഴിഞ്ഞ വർഷം ഉൾപ്പെടുത്തിയിരുന്നു. ഈ വർഷം പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാനായി മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.17 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2020 ലെ കത്ത്**(SRG /566/20 CC/48/20)

*പ്രോജക്ട് നം. 1496/20* *അടങ്കൽ 15,00,000/- രൂപ*
*(ഈ വർഷത്തെ നമ്പർ 508/21 )* *(വികസനഫണ്ട് )*

***പേര് :- ഹരിത കേരള മിഷൻ - പാറത്തോട് പഞ്ചായത്തിലെ ചോറ്റി മഹാദേവക്ഷേത്രം വളപ്പിലെ കുളം നവീകരണവും ഔഷധ സസ്യം പരിപാലനവും***

പാറത്തോട് ഗ്രാമപഞ്ചായത്തിലെ ചോറ്റി മഹാദേവ ക്ഷേത്രത്തിലെ കുളം സംരക്ഷിക്കുന്നതിനും ഔഷധ സസ്യ പരിപാലനത്തിനുമായുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.18 കൊടുവായൂർ ഗ്രാമ പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.07.2020 ലെ കത്തും കൊടുവായൂർ ഗ്രാമ പഞ്ചായത്തിന്റെ 14.02.2020-ലെ 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും** (SRG /548/20 CC/602/20)

*പ്രോജക്ട് നം. 76/19* *അടങ്കൽ 30,00,000/- രൂപ*
*(വികസനഫണ്ട് - 15,00,000/- രൂപ*
*ബ്ലോക്ക് പഞ്ചായത്ത് വിഹിതം 15,00,000/- രൂപ)*

***പേര് :- കോണിക്കംമ്പാടം അക്വിഡക്ട് റിപ്പയർ***

ഗ്രാമപഞ്ചായത്ത് വിഹിതവും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ചേർത്ത് കോണിക്കംമ്പാടം അക്വിഡക്ട് റിപ്പയറിംഗിന് ആകെ 30 ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിന് 2018-19-ൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. നിർമ്മാണ പ്രവൃത്തി പൂർത്തിയായി. ബാക്കി 12,60,833/- രൂപയുണ്ട്. ഈ തുക തിരികെ വാങ്ങി തനത് ഫണ്ട് ഗണത്തിൽ ഡെപ്പോസിറ്റ് ചെയ്യാനും വിവരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കാനും ഉദ്ദേശിക്കുന്നു. ഈ തുക തുടർന്ന് ഈ അക്വിഡക്ട്ന്റെ അനുബന്ധ നിർമ്മാണ പ്രവർത്തനത്തിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** :- ബാക്കി തുക തിരികെ വാങ്ങി തനത് ഫണ്ടായി ഡെപ്പാസിറ്റ് ചെയ്യാവുന്നതല്ല. എന്നാൽ അക്വിഡക്ടിന്റെ അനുബന്ധ നിർമ്മാണ പ്രവർത്തന ത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഇറിഗേഷൻ വകുപ്പിനെ കൊണ്ട് തന്നെ ഈ പ്രവൃത്തി ചെയ്യിപ്പിക്കാവുന്നതാണ്. ഈ പ്രവൃത്തി ചെയ്യുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ കൈവശം മുകളിൽ പറഞ്ഞ മിച്ചമുള്ള തുക ഉപയോഗിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.19 ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ജില്ലാതല കമ്മിറ്റി**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2020-ലെ ഡി.ബി.3/ 753/2012/**CE **തസ്വഭവ കത്തും വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.07.2020-ലെ കത്തും വയനാട് ഡി.പി.സി. മെമ്പർ സെക്രട്ടറിയുടെ 08.07.2020-ലെ 1/18/DPC/DPO/ wayanad (2) -ാം നമ്പർ കത്തും** (SRG /578/20 CC/624/20)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പരിശോധന തുടങ്ങിയവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി കെ.എസ്.ഇ.ബിയിൽ നിന്നും പൊതു മരാമത്തിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യത്തിൽ (എഞ്ചിനീയർമാരുടെ കുറവു മൂലം) കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മാനന്തവാടി ഗവ.എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ടും ഒരു കമ്മിറ്റി രൂപീകരിച്ചു. അതും ഫലപ്രദമായില്ല.

കെ.എസ്.ഇ.ബി.യിൽ നിന്നും വിരമിച്ച 4 അംഗങ്ങളെ ഉൾപ്പെടുത്തി 03.06.2020-ൽ ഒരു കമ്മിറ്റി വയനാട് ജില്ലയിൽ രൂപീകരിച്ചു. എന്നാൽ പുതിയ സമിതി അംഗങ്ങൾക്ക് തുടരാൻ താല്പര്യമില്ല എന്ന് 12.06.2020-ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഇ-മെയിലിലൂടെ അറിയിച്ചിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന സ്കൂൾ പ്രവൃത്തികളുൾപ്പെടെ അടിയന്തിര പ്രാധാന്യമുള്ള ഒട്ടനവധി പ്രവൃത്തികളിൽ ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് ലൈസൻസുള്ള ബി.ടെക് ഇലക്ട്രിക്കൽ ബിരുദധാരികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.സമാന സാഹചര്യം കാസറഗോഡ് ജില്ലയിലും ഉണ്ട്. ഇതേ പ്രശ്നം നേരിടുന്ന മറ്റു ജില്ലകൾ ഉണ്ട് എങ്കിൽ ഇതേ രീതി അവലംബിക്കാനും തീരുമാനമുണ്ടാകണമെന്ന ചീഫ് എഞ്ചിനീയറുടെ ആവശ്യം സംബന്ധിച്ച്.

**തീരുമാനം** :- കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പിൽ നിന്ന് വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരുടെ സേവനം ലഭ്യമല്ലാത്ത ജില്ലകളിൽ ബി.ടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാൻ അനുമതി നൽകുന്നു. എന്നാൽ ഇവരോടൊപ്പം സർക്കാർ വകുപ്പിൽ ഇലക്ട്രിക്കൽ മേഖലയിൽ നിന്ന് റിട്ടയർ ചെയ്ത ഒരാളോ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു എഞ്ചിനീയറോ ഈ കമ്മിറ്റിയിൽ ഉണ്ടാകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.20 ബദിയടുക്ക ഗ്രാമപഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.06.2020-ലെ കത്തുകളും (9 എണ്ണം) കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ** DDP - KSD**/628/2020/**SC9 **നമ്പർ കത്തും (SRG /**522**/20 CC/**1332,2019, 523/20**-CC/1333/2019, 524/20 - CC1334/2019, 525/20 -CC/1335/2019, 526/20 CC1336/2019, 527/20 - CC/1337/2019, 528/20 - CC 1331/2019, 530/20 - CC/4/20, 521/20 - CC3/20,453/20 - സർക്കാർ ഫയൽ നം.410 6969/ 2019/ o/o Min.(LSGD))**

**(A)** താഴെപ്പറയുന്ന നാല് പ്രോജക്ടുകൾക്ക് SCP/TSP വിഹിതമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2019-20 വാർഷിക പദ്ധതിയിലുള്ള ഇവയുടെ നിർമ്മാണം പൂർത്തിയാക്കി. ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഇല്ലാതെയാണ് നിർവഹണം നടത്തിയത്. കൂടാതെ SIDCO വഴിയാണ് നിർവഹണം നടത്തിയത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

*(i)* ***പ്രോ.നം. 289/20 അടങ്കൽ - 8,00,000/- രൂപ (TSP)***
***പേര്: വിവിധ എസ്.റ്റി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ***

*(ii)* ***പ്രോ.നം. 288/20 അടങ്കൽ - 3,00,000/- രൂപ (TSP)***
***പേര്:- വിവിധ എസ്.റ്റി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ***

*(iii)* ***പ്രോ.നം. 287/20 അടങ്കൽ - 1,50,000/- രൂപ (SCP)***
***പേര് :- ചെടേക്കൽ എസ്.സി. കോളനിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

*(iv)* ***പ്രോ.നം. 285/20 അടങ്കൽ - 1,00,000/- രൂപ (SCP)***
***പേര്:- ചെന്നഗളി എസ്.സി കോളനി ജംഗ്ഷനിൽ തെരുവു വിളക്ക്***

**തീരുമാനം** :- 1) 16.10.2015-ലെ 3140/2015/തസ്വഭവ ഉത്തരവ് പ്രകാരം ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെയാണ് തെരുവു വിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം (Supply) സ്ഥാപിക്കൽ (Execution) പരിപാലനം (Maintanance) എന്നീ പ്രവൃത്തികൾ ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ SIDCO ഉൾപ്പെടുന്നില്ല. അതിനാൽ SIDCOക്ക് പ്രവൃത്തി നൽകുന്നതിന് ടെണ്ടർ നടപടി പാലിക്കേണ്ടതായിരുന്നു എന്ന് യോഗം വിലയിരുത്തി. ഇത് പാലിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ഇല്ലാതെ SCP/TSP ഫണ്ടുപയോഗിച്ച് പ്രോജക്ട് നടപ്പാക്കിയത് ഗുരുതര വീഴ്ചയാണ്.

ഈ സാഹചര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്**
**2) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

**(B)** താഴെപ്പറയുന്ന അഞ്ച് പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ഈ പ്രോജക്ടുകൾ SIDCO മുഖേന നിർവഹണം നടത്തി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

*(i) പ്രോ.നം. 357/20 അടങ്കൽ - 3,00,000/- രൂപ (CFC)*

*പേര്:- കഞ്ചാർ സ്കൂൾ. ചിമിനിയടുക്ക എന്നീ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ*

*(ii) പ്രോ.നം. 253/20 അടങ്കൽ 12,25,000/- രൂപ*
*(CFC - 9,25,000/ - രൂപ*
*തനത് ഫണ്ട് - 3,00,000/- രൂപ)*

*പേര്:- വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ*

*(ഇതിൽ 3,98,840/- രൂപ KSEB യിൽ ഡെപ്പോസിറ്റ് ചെയ്തു. ബാക്കി തുക ഉപയോഗിച്ച് സിഡ്കോ വഴി നടപ്പാക്കി)*

*(iii) പ്രോ.നം. 286/20 അടങ്കൽ - 1,00,000/- രൂപ*
*(വികസന ഫണ്ട്)*

*പേര്:- പാഡ്ളൂടുക്ക ജംഗ്ഷൻ സ്ട്രീറ്റ് ലൈറ്റ്*

*(iv) പ്രോ.നം. 291/20 അടങ്കൽ - 50,000/- രൂപ (CFC)*

*പേര്:- പാഡ്ളൂടുക്ക ജംഗ്ഷൻ സ്ട്രീറ്റ് ലൈറ്റ്*

*(v) പ്രോ.നം. 290/20 അടങ്കൽ - 50,000/- രൂപ (CFC)*

*പേര്:- ചെന്നഗളി എസ്.സി. കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ*

**തീരുമാനം** :- 1) 16.10.2015-ലെ 3140/2015/തസ്വഭവ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ക്രൂസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെയാണ് തെരുവുവിളക്കുകൾ, അനുബന്ധ ഉപകരണ ങ്ങൾ എന്നിവയുടെ വിതരണം, സ്ഥാപിക്കൽ പരിപാലനം എന്നീ പ്രവൃത്തികൾ ഏൽപ്പിച്ചിരി ക്കുന്നത്. ഇതിൽ സിഡ്കോ ഉൾപ്പെടുന്നില്ല. അതിനാൽ സിഡ്കോയ്ക്ക് പ്രവൃത്തി നൽകുന്ന തിന് ടെണ്ടർ നടപടി പാലിക്കേണ്ടതായിരുന്നു. ഇതു പാലിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്**
**2) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

**4.21 ആറന്മുള ഗ്രാമ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.062020 ലെ കത്തും ആറന്മുള ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 1(4)ാം നമ്പർ ഭരണസമിതി തീരുമാനവും അനുബന്ധ രേഖകളും** (SRG /529/20 CC/583/20)

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ആകെ 118 പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. ഇതിൽ 37 പ്രോജക്ടുകൾ നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിയും (അടങ്കൽ 1,00,50,000/- രൂപ) 81 പ്രോജക്ടുകൾ പുതിയ റോഡുകളുടെ കോൺക്രീറ്റ്

പ്രവൃത്തികളുമാണ്. (അടങ്കൽ 1,66,11,000/- രൂപ) മറ്റ റോഡുകൾ അടിയന്തിരമായി മെയിന്റനൻസ് നടത്താൻ ഇല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡ് കോൺക്രീറ്റിംഗിനുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഈ വർഷം മറ്റ് റോഡുകളുടെ അറ്റകുറ്റപ്പണി ആവശ്യമില്ല എന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. കൂടാതെ ഇത്രയധികം റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന്റെ ആവശ്യകതയും അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.22 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20ലെ കത്ത് (SRG /513/20 CC/546/20)**

***പ്രോ.നം. 31/21*** ***അടങ്കൽ - 5,10, 460/- രൂപ***

***പേര് - സഹയാനം - മാലിന്യമുക്ത ഭരണിക്കാവ് - രണ്ടാം ഘട്ടം***

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കുന്ന ഹരിത കർമ്മസേനാംഗങ്ങൾ സ്റ്റീൽ പ്ലേറ്റുകൾ, സിറാമിക് പ്ലേറ്റുകൾ, സ്റ്റീൽ ഫ്ലാസ്കുകൾ, ക്ലീനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പ്രോജക്ട്. പാത്രങ്ങളുടെ വാടകയായി ലഭിക്കുന്ന തുകയും അവ കഴുകി വൃത്തിയാക്കുന്ന വകയിൽ വീടുകളിൽ നിന്നും/മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയും ഇവർക്ക് വേതനമായി ഉപയോഗപ്പെടുത്തുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.23ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20ലെ കത്ത് (SRG /515/20 CC/545/20)**

***പ്രോ.നം. 21/2021*** ***അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - ഋതുമതി - വനിതകൾക്ക് മെൻസ് ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും***

സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിട്ടറി നാപ്കിനുകൾക്കു പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന മെൻസ്ട്രുവൽ കപ്പ് ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 3000 വനിതകൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇതിന്റെ ഉപയോഗം സംബന്ധിച്ച് വനിതകൾക്ക് ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. 30 മുതൽ 50 വരെയുള്ള 10 ബാച്ചുകളായി വിദഗ്ധരെ ഉപയോഗിച്ചാണ് ബോധവൽക്കരണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്മേൽ ഹെൽത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**4.24 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.06.20ലെ കത്തും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.06.2020-ലെ BP4/1390/2020/VLND നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.05.2020-ലെ 11/02/20-ാം നമ്പർ തീരുമാനവും** (SRG /532/20 CC/562/20)

***പ്രോ.നം. 132/20*** ***അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)***

***പേര് -കന്നുകാലി ചികിത്സാ സഹായം***

അസുഖം ബാധിച്ച കന്നുകാലികളെ ചികിത്സിക്കുന്നതിനായി ക്ഷീര കർഷകർക്ക് ധനസഹായം നൽകാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.25 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.20ലെ കത്ത്** (SRG /559/20 CC/606/20)

***പ്രോ.നം. 385/2021*** ***അടങ്കൽ - 14,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - കുമരകം എസ്.എൻ കോളേജിൽ വനിതകൾക്കായി ശുചിമുറി***

പ്രളയ ദുരിതാശ്വാസ കേന്ദ്രമായി പ്രവർത്തിക്കുന്ന കുമരകം എസ്.എൻ കോളേജിൽ വനിതകൾക്കായി ശുചിമുറി സ്ഥാപിക്കാനുള്ള പ്രോജക്ട്. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- കുമരകം ഭാഗം പ്രളയം ബാധിക്കുന്ന പ്രദേശമായതിനാലും ഈ കോളേജ് പ്രളയ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്നതിനാലും പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.26 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.20ലെ കത്ത്** (SRG /560/20 CC/605/20)

***പ്രോ.നം. 507/2021*** ***അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - കുമരകം പോലീസ് സ്റ്റേഷൻ പരിധിയിൽ CC TV ക്യാമറ സ്ഥാപിക്കൽ***

ജനമൈത്രി പോലീസിംഗിന്റെ ഭാഗമായ കുമരകം പോലീസ് സ്റ്റേഷന്റെ പരിധിയിലെ വിവിധ ഭാഗങ്ങളിൽ **CCTV** സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ

ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്റെ മോണിട്ടറിംഗ് ചുമതല കുമരകം പോലീസ് സ്റ്റേഷനിലെ പ്രിൻസിപ്പൽ എസ്.ഐ/സർക്കിൾ ഇൻസ്പെക്ടർ വഹിക്കണ മെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.27 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.20ലെ കത്തും (4 എണ്ണം) ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.06.2020-ലെ 2(1)-ാം നമ്പർ തീരുമാനവും**
(SRG /555/20 CC/610/20) , SRG /556/20 CC/609/20) , SRG /557/20 CC/608/20) , SRG /554/20 CC/611/20) ,

കോട്ടയം ജില്ലാ പഞ്ചായത്ത് താഴെപ്പറയുന്ന നാല് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനായി തയ്യാറാക്കി. ഈ പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ആദ്യത്തെ മൂന്ന് പ്രോജക്ടിന്റെ വിഹിതം ജനറൽ ഫണ്ടാണെങ്കിലും ജനറൽ, എസ്.സി, വനിത എന്നീ വിഭാഗത്തിന് പ്രത്യേകമായാണ് പ്രോജക്ട് വച്ചിരിക്കുന്നത്

*(i)* ***പ്രോ.നം. 900/21*** ***അടങ്കൽ 8,00,000/- രൂപ***
***( വികസന ഫണ്ട്)***
***പേര്:- തലയാഴം, ടി.വി.പുരം, നീണ്ടൂർ, കല്ലറ, വെച്ചൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വനിതകൾക്ക് അടുക്കള മുറ്റത്ത് കോഴി വളർത്തൽ***

*(ii)* ***പ്രോ.നം.899/21*** ***അടങ്കൽ 10,00,000/- രൂപ***
***(വികസന ഫണ്ട്)***
***പേര്:- തലയാഴം , ടി.വി. പുരം , നീണ്ടൂർ, കല്ലറ, വെച്ചൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് അടുക്കള മുറ്റത്തെ കോഴി വളർത്തൽ***

*(iii)* പ്രോ.***നം.895/21*** ***അടങ്കൽ 20,00,000/- രൂപ***
***(വികസന ഫണ്ട്)***
***പേര്:- നീണ്ടൂർ, കല്ലറ, വെച്ചൂർ, ടി.വി. പുരം, തലയാഴം ,എന്നീ ഗ്രാമപഞ്ചായത്തുകളിൽ അടുക്കള മുറ്റത്ത് കോഴി വളർത്തൽ***

*(iv)* ***പ്രോ.നം.898/21*** ***അടങ്കൽ 30,00,000/- രൂപ***
***(എസ്.സി.പി)***
***പേര്:- മുണ്ടക്കയം ഡിവിഷനിൽ എസ്.സി. വനിതകൾക്ക് മുട്ടക്കോഴിയും കൂടും നൽകൽ.***

**തീരുമാനം** :- ഡിവിഷൻ തിരിച്ച് പ്രോജക്ട് തയ്യാറാക്കാവുന്നതല്ല. എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019, 05.02.2019, 24.10.2019 എന്നീ തീയതികളിലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിരുന്നതാണ്. തുടർന്നും ഇതേ രീതിയിൽ (ഒരു പ്രത്യേക പ്രദേശത്ത് മുൻഗണന നൽകി നടപ്പിലാക്കേണ്ടതല്ലാത്ത പ്രോജക്ട്) പ്രോജക്ട് തയ്യാറാക്കിയത് ശരിയല്ല എന്ന് യോഗം വിലയിരുത്തി. അനുമതി നിരസിച്ചു. ഈ തുക സുഭിക്ഷ കേരളം പദ്ധതിക്ക് മാനദണ്ഡപ്രകാരം ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.28 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.20ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.06.2020-ലെ** B 97/2020 (1)-ാം **നമ്പർ കത്തും.** (SRG /563/20 CC/571/20)

*പ്രോ.നം. 63/2021* *അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)*

*പേര് - വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം*

തുടർച്ചയായി ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ഒരു ഡയാലിസിസിന് 1000/- രൂപ വീതം അതത് ആശുപത്രികൾക്ക് നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ഒരാഴ്ചയിൽ പരമാവധി 1000/- രൂപാ ക്രമത്തിൽ പ്രതിമാസം 4000/- രൂപ നൽകാൻ അനുമതി നൽകുന്നു. ഇത് അതത് ആശുപത്രികൾക്കാണ് നൽകേണ്ടത്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.29 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.20ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.06.2020-ലെ** B 97/20-ാം **നമ്പർ കത്തും.** (SRG /564/20 CC/569/20)

*പ്രോ.നം. 23/2021* *അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)*

*പേര് - മത്സ്യകൃഷി വ്യാപന പദ്ധതി*

സുഭിക്ഷ കേരളം പദ്ധതിയിൽ വീട്ടുവളപ്പിൽ കുളത്തിൽ മത്സ്യകൃഷിക്ക് കുറഞ്ഞത് 2 സെന്റ് സ്ഥലമെങ്കിലും വേണമെന്നാണ് നിബന്ധന. സ്ഥലത്തിന്റെ വിസ്തീർണ്ണം 2

സെന്റിന് പകരം ½ സെന്റോ ഒരു സെന്റോ ആക്കണമെന്നാവശ്യം സംബന്ധിച്ച്

**തീരുമാനം** :- തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.30 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.07.20ലെ കത്തും അനുബന്ധ രേഖകളും** (SRG /567/20 CC/629/20)

***പ്രോ.നം. 3/2021*** ***അടങ്കൽ - 35,00,000/- രൂപ***

***പേര് - സ്നേഹ സ്പർശം***

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി , കോർപ്പറേഷൻ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പരിപാടിയാണ് **"**സ്നേഹ സ്പർശം**"**. 2011 മുതൽ നടപ്പാക്കുന്ന പദ്ധതിയാണ്. വൃക്ക രോഗികൾക്ക് ഈ പദ്ധതിയിലൂടെ ഡയാലിസിസിനു ധനസഹായം, വൃക്ക മാറ്റി വച്ചവർക്ക് സൗജന്യമായി മരുന്ന്, വൃക്ക- ജീവിത ശൈലീ രോഗ നിർണ്ണയ ക്യാമ്പ് , ബോധവൽക്കരണ ക്ലാസ്സ്, എയ്ഡ്സ് രോഗികൾക്ക് താമസ സൗകര്യമൊരുക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. 2017-18, 2018-19, 2019-20 വർഷങ്ങളിൽ സർക്കാർ അനുമതിയോടെയാണ് ഇത് നടപ്പാക്കിയത്

ഓരോ തദ്ദേശഭരണ സ്ഥാപനവും ഈ വർഷം വകയിരുത്തുവാൻ ഉദ്ദേശിക്കുന്ന വിഹിതം താഴെപ്പറയും പ്രകാരമാണ്.

| **തദ്ദേശഭരണ സ്ഥാപനം** | **ഈ വർഷത്തെ വിഹിതം** | **കഴിഞ്ഞ വർഷത്തെ വിഹിതം** |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 3.00 ലക്ഷം രൂപ വീതം | 3.00 ലക്ഷം രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്ത് | 5.00 ലക്ഷം രൂപ വീതം | 5.00 ലക്ഷം രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | 35 ലക്ഷം രൂപ വീതം | 25.00 ലക്ഷം രൂപ വീതം |
| നഗരസഭ | 5.00 ലക്ഷം രൂപ വീതം | 5.00 ലക്ഷം രൂപ വീതം |
| കോർപ്പറേഷൻ | 75.00 ലക്ഷം രൂപ വീതം | 25.00 ലക്ഷം രൂപ വീതം |

2017-18, 2018-19 വർഷത്തെ പ്രവർത്തനം ലോക്കൽ ഓഡിറ്റ് **CAG** വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. ഈ വർഷവും ഈ പ്രോജക്ട് തുടരാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു. എന്നാൽ ഓരോ തദ്ദേശഭരണ സ്ഥാപനവും വകയിരുത്തേണ്ട തുക സംബന്ധിച്ച് ജില്ലാ ആസൂത്രണസമിതി തലത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ യോഗം ചേർന്ന് തീരുമാന മെടുക്കണം.

2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ പ്രവർത്തനത്തിന്റെ റിപ്പോർട്ട് പരിശോധനയ്ക്കായി വകുപ്പിന് നൽകണം. ഇതോടൊപ്പം ഓഡിറ്റ് റിപ്പോർട്ടും നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.31 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20 ലെ കത്ത് (SRG /539/20 CC/572/20)**

***പ്രോ.നം. 278/2021*** ***അടങ്കൽ - 6,15,000/- രൂപ***

***(തനത് ഫണ്ട് - 64,000/- രൂപ***

***ഗുണഭോക്തൃ വിഹിതം - 3,69,000/ രൂപ***

***മറ്റു വിഹിതം - 82,000/- രൂപ***

***വികസന ഫണ്ട് - 1,00,000/- രൂപ )***

***പേര് - സുഭിക്ഷ കേരളം - കുളങ്ങളിലെ മത്സ്യക്കൃഷി***

കുളങ്ങളിലെ മത്സ്യക്കൃഷി, കുളത്തിലെ കരിമീൻ കൃഷി, ബയോ ഫ്ലോക്ക് മത്സ്യക്കൃഷി എന്നീ പദ്ധതികൾക്ക് സർക്കാർ ഉത്തരവു പ്രകാരം 40% സബ്സിഡിയും 60 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് ഭേദഗതി ചെയ്ത് 60 ശതമാനം സബ്സിഡിയും 40 ശതമാനം ഗുണഭോക്തൃ വിഹിതവും ആക്കണമെന്ന് ആവശ്യം സംബന്ധിച്ച്

**തീരുമാനം** :- തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.32 കൂടാളി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.07.20ലെ കത്തും കൂടാളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.06.2020-ലെ A -7654/20-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 13.05.20-ലെ 1/68/20-ാം നമ്പർ തീരുമാനവും (SRG /568/20 CC/535/20)**

***പ്രോ.നം. 149/21*** ***അടങ്കൽ - 20,00,000/- രൂപ***

***(വികസന ഫണ്ട് - 2,00,000/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 9,00,000/- രൂപ***

***ജില്ലാ പഞ്ചായത്ത് വിഹിതം - 9,00,000/- രൂപ )***

***പേര് - അഗതി രഹിത കേരളം (ആശ്രയ) ലിസ്റ്റിൽ ഉൾപ്പെട്ട ഭവന രഹിതർക്ക് വീട് നിർമ്മാണം.***

ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത ആശ്രയ ലിസ്റ്റിലുള്ള (അഗതി രഹിത കേരളം) ഭവന രഹിതരുണ്ട്. ഇവർക്ക് വീടു നിർമ്മിച്ചു നൽകാനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു. എന്നാൽ കുടുംബശ്രീയുടെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ട ആശ്രയാ ഗുണഭോക്താക്കൾ ആണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന പാലിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.33 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2020-ലെ കത്ത്** (SRG /491/20 CC/539/20)

***പ്രോ.നം. 894/2021*** ***അടങ്കൽ - 15,50,000/- രൂപ***
***(SCP - 10,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം - 5,50,000/- രൂപ)***

***പേര് - പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട പട്ടികജാതി വനിതകൾക്ക് പശു.***

പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട വനിതകൾക്ക് ഓരോ പശുവിനെ വീതം നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചിരുന്നു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- സമഗ്രമല്ലാത്ത ഇത്തരം പ്രോജക്ടിന് (ഒരു പശുവിനെ വീതം നൽകൽ) അനുമതി നൽകേണ്ടതില്ലെന്ന് യോഗം വിലയിരുത്തി. അനുമതി നിരസിച്ചു. ഈ തുക സുഭിക്ഷ കേരളം പദ്ധതിക്ക് മാനദണ്ഡ പ്രകാരം ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.34 ഉദയനാപുരം ഗ്രാമ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20ലെ കത്തും ഉദയനാപുരം ഗ്രാമപപഞ്ചായത്ത് സെക്രട്ടറിയുടെ 05.022020-ലെ A 271/20-ാം നമ്പർ കത്തും.** (SRG /494/20 CC/180/20)

***പ്രോ.നം. 99/20*** ***അടങ്കൽ - 1,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - കിരണം 2019 സ്കോളർഷിപ്പ് (കുട്ടികൾ)***

ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സുവരെ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതിനൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.35 നന്നമ്പ്ര ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20ലെ കത്തും നന്നമ്പ്ര ഗ്രാമപപഞ്ചായത്ത് ഭരണ സമിതിയുടെ 22.04. 2020-ലെ 1(3)-ാം നമ്പർ തീരുമാനവും** (SRG /496/20 CC/453/20)

***പ്രോ.നം. 41/2021*** ***അടങ്കൽ - 36,00,000/- രൂപ***
***(വികസന ണ്ട് - 33,14,200/- രൂപ***
***തനത് ഫണ്ട് - 2,85,800/- രൂപ)***

***പേര് - ലൈഫ് ഭവന പദ്ധതി (ജനറൽ)***

ഗ്രാമപഞ്ചായത്തിലെ തിരുത്തി ലക്ഷം വീട് കോളനിയിലെ അഞ്ച് ഇരട്ട വീട്ടുകൾ വാസയോഗ്യല്ലാതെ തകർന്നുപോയിട്ടുണ്ട്. ഈ വീടുകൾ പൊളിച്ച് മാറ്റി ഒറ്റ വീടാക്കാനുള്ള സാമ്പത്തിക സാഹചര്യം ഇവിടത്തെ താമസക്കാർക്കില്ല എന്നു ചൂണ്ടാക്കാണിച്ച് ഈ വീടുകൾ ഒറ്റ വീടാക്കി പുനർ നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ലൈഫ് ഭവന പദ്ധതിയിൽ വയ്ക്കേണ്ട വിഹിതം (വികസന ഫണ്ടിന്റെ കുറഞ്ഞത് 20 ശതമാനം) മാറ്റി വച്ചതിനുശേഷം അധിക തുക കണ്ടെത്തി ഇതിനായി ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.36 വൈക്കം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.20ലെ കത്തും അനുബന്ധ രേഖകളും** (SRG /**498**/20 CC/**554**/20)

2011-12-ൽ ഐ.എ.വൈ. ഭവന പദ്ധതിയിൽ ധനസഹായം വർദ്ധിപ്പിച്ചപ്പോൾ (**SC** വിഭാഗക്കാർക്ക് 2.00 ലക്ഷം രൂപയും **ST** വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപയും) അധിക തുക കണ്ടെത്തുന്നതിന് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കാനായി സർക്കാർ അനുമതി നൽകി. ഇതനുസരിച്ച് ആറ് സഹകരണ ബാങ്കുകളിൽ നിന്നായി 87,75,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വായ്പ എടുത്തു. ഈ തുക 2012-13 വർഷത്തെ **IAY** ഗുണഭോക്താക്കളായ 117 പേർക്ക് ധനസഹായം നൽകുന്നതിന് ഉപയോഗിച്ചു. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം 2011-12-ലെ **IAY** ഗുണഭോക്താക്കൾക്കുവേണ്ടി അധിക തുക കണ്ടെത്തുന്നതിനായിരുന്നു സർക്കാർ അനുമതി. വർഷത്തിലുണ്ടായ ഈ തെറ്റ് കാരണം തുക തിരികെ അടയ്ക്കാൻ കഴിഞ്ഞില്ല. ബാങ്കുകൾ ആവശ്യപ്പെട്ട പ്രകാരം 31.03.2014 വരെയുള്ള പലിശയിനത്തിൽ 3,93,455/- രൂപ ബ്ലോക്ക് പഞ്ചായത്ത് തിരികെ അടച്ചു. പിന്നീട് തുകയൊന്നും അടച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 2020-21 -ൽ വികസന ഫണ്ടിൽ നിന്നും (ജനറൽ) ഇത് തിരികെ അടയ്ക്കാനും ശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിൽ തിരികെ അടയ്ക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- വിശദമായ പരിശോധന ആവശ്യമുള്ള ഫയൽ ആണെന്ന് യോഗം നിരീക്ഷിച്ചു. ഇതിന്മേൽ തീരുമാനമെടുക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.37 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20ലെ കത്ത്** (SRG /**538**/20 CC/**418**/20)

***പ്രോ.നം. 296/20*** ***അടങ്കൽ 5,45,000/- രൂപ***

***(വികസന ഫണ്ട് - പ്രളയ ദുരിതാശ്വാസം)***

***പേര് - പ്രളയം - ജീവനോപാധികൾ പുനസ്ഥാപിക്കൽ***

പ്രളയം ബാധിച്ച പഞ്ചായത്ത് എന്ന നിലയിൽ അനുവദിച്ച തുക ഉപയോഗിച്ചുള്ള പ്രോജക്ട്. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ശ്രീ. റ്റി.കെ. സോമൻ, ശ്രുതി ഭവനം എന്നയാളുടെ ശ്രുതി ഫർണിച്ചർ എന്ന സ്ഥാപനത്തിലെ ഫർണിച്ചറുകളും യന്ത്ര സാമഗ്രികളും നഷ്ടപ്പെട്ടു. ഉണ്ടായ നഷ്ടം ചൂണ്ടിക്കാട്ടി വ്യവസായ വകുപ്പിന് അപേക്ഷ നൽകിയെങ്കിലും ധനസഹായം ലഭിച്ചില്ല. ഇയാൾക്ക് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്റെ നഷ്ടം സംബന്ധിച്ച് താലൂക്ക് വ്യവസായ വികസന ഓഫീസറുടെ കൂടി ശുപാർശ പ്രകാരമേ ധനസഹായം നൽകാവൂ എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ. പി.എ) വകുപ്പ്**

**4.38 പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.20ലെ കത്തും അനുബന്ധ രേഖകളും**
(SRG /**543**/20 CC/**409**/20)

***പ്രോ.നം. 54/21*** ***അടങ്കൽ - 12,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - സ്കൂൾ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ, തുണി ബാഗ്***

ശുചിത്വ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിലും തുണി കൊണ്ടുള്ള ബാഗും വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം** :- ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അനുമതി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.39ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.06.20ലെ കത്ത്** (SRG /**517**/20 CC/**499**/20)

***പ്രോ.നം. 41/21*** ***അടങ്കൽ - 12,30,000/- രൂപ (വികസന ഫണ്ട്)***

***പേര് - അതിരമ്പുഴ പഞ്ചായത്തിൽ ഗതകാല വാണിജ്യ പ്രതാപങ്ങളുടെ ഓർമ്മയ്ക്കായി സ്മാരക നിർമ്മാണം.***

മോട്ടോർ വാഹനങ്ങൾ വ്യാപകമാകുന്നതിനു മുമ്പ് അതിരമ്പുഴയിൽ നിന്ന് പടിഞ്ഞാറൻ മേഖലയിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും പലവ്യഞ്ജനങ്ങളും, പച്ചക്കറികളും, മലഞ്ചരക്കും എത്തിച്ചിരുന്നത് കാളവണ്ടികളിലും കെട്ടുവള്ളങ്ങളിലുമാണ്. ഇതിന് സ്മാരകം നിർമ്മിക്കാനുദ്ദേശിക്കുന്നു. കെട്ടുവള്ളങ്ങളുടെ ത്രിമാന ശില്പം, പഴയകാല ദൃശ്യങ്ങൾ പകർത്തിയ ചരിത്ര സ്മാരകം തുടങ്ങിയവയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.40 മഞ്ചേരി മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.07.2020-ലെ കത്തും മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിയുടെ 16.06.2020-ലെ** P1 - 22677/19-ാം **നമ്പർ കത്തും**
(SRG /**583**/20 CC/**646**/20)

മഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഈ വർഷത്തെ ആകെ സ്പിൽ ഓവർ ബാധ്യത 23.00 കോടി രൂപയാണെന്നറിയിച്ചിരിക്കുന്നു. (പെന്റിംഗ് ബിൽ തുകയും ഈ വർഷം തുടരേണ്ട സ്പിൽ ഓവർ പ്രോജക്ടുകളുടെ അടങ്കലും ചേർത്തുള്ളത്) ഇതിനു തുക കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ അധികമായി തനത് ഫണ്ട് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ 12 കോടി രൂപയുടെ തനത് ഫണ്ട് സ്റ്റേറ്റ്മെന്റാണ് ഈ വർഷത്തേയ്ക്ക് റീജിയണൽ ജോയിന്റ് ഡയറക്ടർ അനുവദിച്ചിരിക്കുന്നത്. ഇതിനു പുറമെ 11.00 കോടി രൂപയുള്ള അധിക പ്രോജക്ട് കൂടി എടുക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- ആവശ്യം നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.41 റാന്നി ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.20ലെ കത്തും അനുബന്ധ രേഖകളും** (SRG /**585**/20 CC/**595**/20)

***പ്രോ.നം. 61/21*** ***അടങ്കൽ - 15,00,000/- രൂപ***
***(വികസന ഫണ്ട്)***

***പേര് -മുട്ടക്കോഴി വിതരണം***

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 545 കുടുംബശ്രീ യൂണിറ്റ് മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിന് 45 മുതൽ 60 ദിവസം വരെ പ്രായമുള്ള 50 കോഴിക്കുഞ്ഞുങ്ങളെ നൽകുന്നു. ഒരു കോഴിയുടെ വില 110 രൂപ. സബ്സിഡി 50 ശതമാനം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.42 എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09.07.2020-ലെ കത്തും അനുബന്ധ രേഖകളും** (SRG /**553**/20 CC/**492**/20)

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ കോളനികളിൽ താമസിക്കുന്നവർക്ക് വാഹന സൗകര്യം ഇല്ല. മാസം തോറുമുള്ള പരിശോധനയ്ക്കും മറ്റ് അത്യാവശ്യ ഘട്ടങ്ങളിലും കോളനിയിൽ നിന്ന് പുറത്തു പോകുന്നതിനായി ഒരു ആംബുലൻസ് വാങ്ങി കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിനു നൽകാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സർക്കാർ അനുമതിയോടെ പ്രോജക്ട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- ഇതിന്റെ ആവശ്യകതയും മറ്റും ജില്ലാ തലത്തിൽ വിലയിരുത്തി പ്രോജക്ട് ജില്ലാ ആസൂത്രണ സമിതിക്ക് സർപ്പിക്കാൻ നിർദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണസമിതി ഇതിന്മേൽ തീരുമാനമെടുത്ത

തിനുശേഷം ആവശ്യമെങ്കിൽ പിന്നീട് കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.43 പരപ്പനങ്ങാടി മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.07.2020-ലെ കത്തും പരപ്പനങ്ങാടി നഗരസഭാ സെക്രട്ടറിയുടെ 17.03.2020-ലെ** A2/4468/20-ാം **നമ്പർ കത്തും**
(SRG /**579**/20 CC/**378**/20)

*പ്രോ.നം. 15/20* *അടങ്കൽ - 7,50,000/- രൂപ*
*(തനത് ഫണ്ട്)*

***പേര് - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്***

2019-20-ലെ ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ നഗരസഭ തീരുമാനമെടുത്തിട്ടുണ്ട്. പ്രോജക്ടിൽ ബിരുദാനന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ എന്നായിരുന്നു രേഖപ്പെടുത്തിയത്. എന്നാൽ അപേക്ഷകരിൽ ഈ യോഗ്യതയുള്ളവർ ഇല്ല. അതിനാൽ ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.44 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2020-ലെ 4463/16-ാം നമ്പർ കത്തും** (SRG **605/20** CC 665/20 )

*പ്രോ.നം..534/21* *അടങ്കൽ - 28,23,528/- രൂപ*
*(SCP 23,95,000/- രൂപ*
*തനത് ഫണ്ട് - 5,000/- രൂപ*
*ഗുണഭോക്തൃ വിഹിതം/സംഭാവന - 4,23,528/- രൂപ)*

***പേര് - പട്ടികജാതി ഗ്രൂപ്പുകൾക്ക്സ്വയം തൊഴിലിന്റെ ഭാഗമായി ദഹനപ്പെട്ടി വാങ്ങുന്നതിന് ധനസഹായം***

പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാകുന്നതിന്റെ ഭാഗമായി ഗ്യാസിൽ പ്രവർത്തിക്കുന്നതും തറനിരപ്പിൽ നിന്ന് ഉയർത്തി വച്ച് സംസ്കാരം നടത്താൻ കഴിയുന്നതുമായ ദഹനപ്പെട്ടി വിതരണത്തിനുള്ള പ്രോജക്ട് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ജില്ലയിൽ പലയിടത്തും മഴക്കാലത്ത് വെള്ളക്കെട്ടു പ്രദേശമായതിനാലാണ് ഈ പ്രോജക്ട് ഏറ്റെടുത്തത്. 15 ദഹനപ്പെട്ടികൾ വാങ്ങി 4 എണ്ണം 29.06.2020-ന് വിതരണം ചെയ്തു. എന്നാൽ പട്ടികജാതി വിഭാഗത്തിനു മാത്രമായി ദഹനപ്പെട്ടി വിതരണം ചെയ്തത് വംശീയ അധിക്ഷേപമാണെന്ന് വിവിധ പട്ടികജാതി സംഘടനകൾ ആക്ഷേപമുന്നയിക്കുകയും പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ശേഷിക്കുന്ന ദഹനപ്പെട്ടികൾ പൊതു വിഭാഗത്തിൽപ്പെട്ട വനിതാ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനു തുല്യമായ തുക പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് പട്ടികജാതി

വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്കായി ഈ വർഷം ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു. തുല്യമായ തുക പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് പട്ടികജാതി വിഭാഗത്തിനുവേണ്ടി ഉപയോഗിക്കുമെന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഉറപ്പ് പാലിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.45 കേരള ബാംബൂ കോർപ്പറേഷൻ

**ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പുമന്ത്രിയുടെ 06.07.2020-ലെ കുറിപ്പ്**

**(i)** കേരള ബാംബൂ കോർപ്പറേഷൻ ഈറ്റയിൽ നിന്നും മുളയിൽ നിന്നും ഓഫീസ് സ്റ്റേഷനറി ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. ഹരിത ചട്ടം പാലിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നിർമ്മിക്കുന്ന ഓഫീസ് സ്റ്റേഷനറി ഉല്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളും വകുപ്പിനു കീഴിലുള്ള മറ്റ് ഏജൻസികളും വാങ്ങുന്നതിനു വേണ്ട അനുകൂല തീരുമാനമുണ്ടാകണമെന്ന ആവശ്യം സംബന്ധിച്ച്. താഴെപ്പറയുന്ന വയാണ് ഉല്പന്നങ്ങൾ.

| | | |
|---|---|---|
| (i) | ഫയൽ ട്രെ | 550 രൂപ |
| (ii) | പെൻ വിസിറ്റിംഗ് കാർഡ് | 450 രൂപ |
| (iii) | പേപ്പർ വെയിറ്റ് | 75 രൂപ |
| (iv) | ടീ കോസ്റ്റർ | 450 രൂപ |
| (v) | പെൻ ഹോൾഡർ | 180 രൂപ |
| (vi) | വേസ്റ്റ് ബിൻ | 350 രൂപ |
| (vii) | ടാഗ് ഫയൽ | 110 രൂപ |
| (viii) | ലെറ്റർ പാഡ് ഫയൽ | 250 രൂപ |

**തീരുമാനം** :- 1) ഈ ഉപകരണങ്ങൾ മുകളിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പിന് കീഴിലുള്ള മറ്റ് ഏജൻസികൾക്കും വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**(ii)** മണ്ണ് സംരക്ഷണ പ്രവർത്തനത്തിനും മറ്റും ആവശ്യമായുള്ള മുളങ്കുറ്റികൾ കുറഞ്ഞ വിലയിൽ നൽകാമെന്ന് ബാംബൂ കോർപ്പറേഷൻ ചെയർമാൻ യോഗത്തിൽ പറഞ്ഞു. ഇതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു.

**തീരുമാനം** :- മണ്ണ് സംരക്ഷണ പ്രവൃത്തികൾക്ക് ഇപ്രകാരം മുളങ്കുറ്റികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാനും അനുമതി നൽകി.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.46 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.07.2020-ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.07.2020-ലെ** D/1398/19-ാം **നമ്പർ കത്ത്.** (SRG 581/20 CC /653/20))

21.10.2019-ലെ 2320/2019/തസ്വഭവ ഉത്തരവ് പ്രകാരം IAY പദ്ധതിക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ ഉള്ള തുക ഉപയോഗിച്ച് OLH പദ്ധതി പ്രകാരമുള്ള ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് അനുമതി നൽകിയിരുന്നു. (കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ പുളിയമ്പറ്റ കോളനിയിലെ ശ്രീ. ബാലകൃഷ്ണന്റെ മകൾ ദേവിക ഈ വർഷം ദാരുണമായി മരണപ്പെട്ടിരുന്നു. മുകളിൽ പറഞ്ഞ ഉത്തരവ് പ്രകാരം അനുമതി നൽകിയതിൽ മിച്ചമുള്ള തുകയിൽ നിന്നും 4.00 ലക്ഷം രൂപ ഉപയോഗിച്ച് ഈ കുടുംബത്തിന് വീട്ടു വച്ച് നൽകുന്നതിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- മറ്റ് തരത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.47 അരൂക്കുറ്റി ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2020-ലെ കത്ത്** (SRG 588**/20 CC / 615/20)**

***പ്രോ.നം. 191/21*** ***അടങ്കൽ - 8,10,000/- രൂപ***
***(SCP - Flood Relief) - 7,88,000/- രൂപ***
***തനത് ഫണ്ട് - 22,000/-)***

***പേര്- പുരയിടം മണ്ണിട്ടുയർത്തൽ ( എസ്.സി. വിഭാഗം)***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവനങ്ങളുടെ സുരക്ഷയ്ക്ക് വീടിനു ചുറ്റും മണ്ണിട്ടുയർത്തുന്നതിനു വേണ്ടിയുള്ള പ്രോജക്ട് 2019-20-ൽ ഉൾപ്പെടുത്തിയിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. കാലവർഷക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് വീടുകൾക്ക് ബലക്ഷയമുണ്ടാകുന്നുവെന്നും മൂന്നു വശവും കായലാൽ ചുറ്റപ്പെട്ട പ്രദേശമാണെന്നും ചൂണ്ടിക്കാണിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച. അസി.എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 30,000/- രൂപ ഒരു ഗുണഭോക്താവിന് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം** :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

4.48 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 11.05.2020-ലെ 1(1) -ാം നമ്പർ ഭരണസമിതി തീരുമാനവും പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യമടങ്ങിയ റിപ്പോർട്ടും** (SRG **602**/20 CC 431/20)

***പ്രോ.നം. 202/21*** ***അടങ്കൽ 15,00,000/- രൂപ***

***(തനത് ഫണ്ട്)***

***പേര് - മിലിട്ടറി ട്രെയിനിംഗ്***

പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും 10 കുട്ടികളെ വീതം കണ്ടെത്തി മിലിട്ടറിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ 6 മാസത്തെ പരിശീലനം നൽകാനുള്ള പ്രോജക്ട്. 13,000/- രൂപയാണ് ഫീസ്. 50 ശതമാനം ഗുണഭോക്താവും 50 ശതമാനം പഞ്ചായത്തും വഹിക്കും. മേജർ രവിയുടെ മിലിട്ടറി റിക്രൂട്ട്മെന്റ് സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഏജൻസി അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**2) പഞ്ചായത്ത് ഡയറക്ടർ**

4.49 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11.05.2020-ലെ 1(1) -ാം നമ്പർ തീരുമാനവും. പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യമടങ്ങിയ റിപ്പോർട്ടും** (SRG **600**/20 CC 43**2**/20)

***പ്രോ.നം. 22/21*** ***അടങ്കൽ 12,00,000/- രൂപ***

***(തനത് ഫണ്ട്)***

***പേര് - വിവിധ വാർഡുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ***

പഞ്ചായത്തിലെ ഓരോ വാർഡിലും 5 യൂണിറ്റ വീതം വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രധാന ലക്ഷ്യം മാലിന്യ നിർമ്മാർജ്ജനമാണ്. പ്രത്യേകാനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- ഓരോ വാർഡിലും 5 യൂണിറ്റ് വീതം ക്യാമറ സ്ഥാപിക്കുന്നതിന് അനുമതി നിരസിച്ചു. മാലിന്യ പ്രശ്നമുള്ള സ്ഥലങ്ങൾ ഏതെന്നു കണ്ടെത്തി അവിടെ ക്യാമറ സ്ഥാപിക്കുന്നത് പരിഗണിക്കാവുന്നതാണ്. ഇതിന്റെ ആവശ്യകത പരിശോധിച്ച് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ റിപ്പോർട്ട് സഹിതം നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.50 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11.05.2020-ലെ 1(1) -ാം നമ്പർ തീരുമാനവും. പ്രോജക്റ്റ് സംബന്ധിച്ച കുറിപ്പും** (SRG **599**/20 CC 43**5**/20)

***പ്രോ.നം. 227/21*** ***അടങ്കൽ 2,00,000/- രൂപ***

***(തനത് ഫണ്ട്)***

***പേര് - പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുൻവശത്ത് ഗാന്ധി പ്രതിമ സ്ഥാപിക്കൽ***

പഞ്ചായത്ത് ഓഫീസിന് മുൻവശത്ത് ഗാന്ധി പ്രതിമ സ്ഥാപിക്കാനുള്ള പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചത് ഉചിതമായില്ല എന്ന് യോഗം നിരീക്ഷിച്ചു. പ്രോജക്റ്റിന് അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

4.51 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11.05.2020-ലെ 1(1) -ാം നമ്പർ തീരുമാനവും പ്രോജക്റ്റ് സംബന്ധിച്ച കുറിപ്പും** (SRG **598**/20 CC 43**3**/20)

***പ്രോ.നം. 234/21*** ***അടങ്കൽ 2,00,000/- രൂപ***

***(തനത് ഫണ്ട്)***

***പേര് - ആഗസ്റ്റ് 15, ജനുവരി 26 തുടങ്ങിയ ഡോക്യുമെന്റേഷൻ***

പ്രോജക്റ്റിന്റെ പേര് ആഗസ്റ്റ് 15, ജനുവരി 26 തുടങ്ങിയ ഡോക്യുമെന്റേഷൻ എന്നാണെങ്കിലും റിപ്പോർട്ട് പ്രകാരം പ്രവർത്തനം താഴെപ്പറയുന്നതാണ്.1971-ലെ ഇൻഡോ - പാക് യുദ്ധത്തിൽ വീര ചരമം പ്രാപിച്ച സുബേദാർ മേജർ ജോർജ്ജ്തോമസ് തേവലക്കരയുടെ യുദ്ധ സ്മാരകം ഈ പഞ്ചായത്തിലാണ്. ഈ സ്മാരകം പെയിന്റടിച്ച് വൃത്തിയാക്കുക, അവിടെ കൊടിമരം സ്ഥാപിക്കുക, ആഗസ്റ്റ് 15, ജനുവരി 26 തുടങ്ങിയ ദിവസങ്ങളിൽ **NCC** കേഡറ്റ്സിനെകൊണ്ട് പരേഡ് നടത്തുക എന്നിവയാണ് പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇതു ജില്ലാ ആസൂത്രണ സമിതി പരിശോധിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

4.52 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2020-ലെ കത്ത്** (SRG **591**/20 CC **655**/20, 592/20 CC **654**/20)

*(i)* ***പ്രോ.നം. 135/21*** ***അടങ്കൽ 26,46,000/- രൂപ***

***( വികസന ഫണ്ട് - 25,79,800/- രൂപ***

*തനത് ഫണ്ട് - 66,200/- രൂപ)*

***പേര്- ബ്ലോക്ക് പരിധിയിലെ വിവിധ ഡിവിഷനുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

(ii) ***പ്രോ.നം.*** *56/21* ***അടങ്കൽ*** *45,00,000/-* ***രൂപ***

*( SCP)*

***പേര്- പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾക്കും ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചതാണ്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ‘നിലാവ്’ പരിപാടിയുടെ ഭാഗമായി തെരുവു വിളക്കുകൾ LED ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു കൂടി പരിഗണിച്ച് അതത് ഗ്രാമപഞ്ചായത്തുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സഹിതം നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.53 ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2020-ലെ കത്ത്** (SRG **593**/20 CC **663**/20)

***പ്രോ.നം. 97/21*** ***അടങ്കൽ 21,19,488/- രൂപ***

*( CFC Basic Grant)*

***പേര് -സ്ത്രീ സൗഹൃദ ആര്യാട് - വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ***

സ്ത്രീ സൗഹൃദ ആര്യാട് എന്ന പദ്ധതി പ്രകാരം സ്ത്രീകൾക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായി സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് സർവ്വേയിലൂടെ കണ്ടെത്തി യിട്ടുള്ള പ്രദേശങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് . ഇതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം** :- ‘നിലാവ്’ പരിപാടിയുടെ ഭാഗമായി തെരുവു വിളക്കുകൾ LED ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു കൂടി പരിഗണിച്ച് അതത് ഗ്രാമപഞ്ചായത്തുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സഹിതം നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.54 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്തും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.06.2020-ലെ 2(6) -ാം നമ്പർ ഭരണ സമിതി തീരുമാനവും** (SRG **595**/20 CC **631**/20)

***പ്രോ.നം. 123/21*** ***അടങ്കൽ 26,00,000/- രൂപ***

***(വികസന ഫണ്ട്)***

***പേര് - വനിതകൾക്ക് ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ***

ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറിക്കൊണ്ട് ഗ്രോ ബാഗ് വിതരണത്തിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമിക അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം** :- ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.55 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.07.2020-ലെ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 29.06.2020-ലെ** C. 21.82/19-**ാം നമ്പർ കത്തും** (SRG **547**/20 CC **603/**20)

***പ്രോ.നം. 106/21*** ***അടങ്കൽ 14,31,280/- രൂപ (വികസന ഫണ്ട്)***

***പേര് - പാലിയേറ്റീവ് പ്രവർത്തനം നടത്തുന്ന സന്നദ്ധ സ്ഥാപനങ്ങളെ സഹായിക്കൽ***

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ താന്ന്യം ഗ്രാമപഞ്ചായത്തിൽ സൗജന്യമായി ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുന്ന പെരിങ്ങോട്ടുകര ഡയാലിസിസ് സെന്റർ എന്ന സ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകാൻ ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ പുത്തൻ പീടിക കാരുണ്യ പാലിയേറ്റീവ് കെയർ സെന്ററിന് ഡ്രസ്സിംഗ് മെറ്റീരിയലും മരുന്നുകളും വാങ്ങുന്നതിനും വേണ്ടിയുള്ള പ്രോജക്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** :- മുകളിൽ പറഞ്ഞ സെന്ററുകൾ ഇതിന് യോഗ്യമാണോ എന്ന് പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്യുക യാണെങ്കിൽ സി.എച്ച്.സി/പി.എച്ച്.സി. മുഖേന സ്ഥാപനങ്ങൾക്ക് മരുന്നും ഡ്രെസ്സിംഗ് ഉപകരണങ്ങളും വാങ്ങി നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.56 റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.07.2020-ലെ കത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2020-ലെ** C9 - 498/20 -**ാം നമ്പർ കത്തും 23.06.2020-ലെ 11(1) -ാം നമ്പർ ഭരണസമിതി തീരുമാനവും** (SRG **606**/20 CC **660/**20)

***പ്രോ.നം. 117/21*** ***അടങ്കൽ 25,50,000/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 25,00,000/- രൂപ തനത് ഫണ്ട് - 50,000/- രൂപ))***

***പേര് - മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റ്***

റാന്നി പഴവങ്ങാടി പഞ്ചായത്തിൽ 2010-11 വർഷത്തിൽ നിർമ്മാണം ആരംഭിച്ച ആധുനിക അറവുശാലയ്ക്കുള്ള കെട്ടിടം പൂർത്തിയായി. എന്നാൽ യന്ത്രങ്ങൾ സ്ഥാപിക്കുകയോ വൈദ്യുതീകരണമടക്കമുള്ള സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല. ജനവാസ കേന്ദ്രത്തിൽ ആയതിനാൽ ഇവിടെ അറവുശാല നടത്താൻ കഴിയുകയില്ല. ഈ കെട്ടിട നിർമ്മാണം സംബന്ധിച്ച് ഓഡിറ്റ് പരാമർശമുണ്ട്.

കെട്ടിടത്തിൽ സുഭിക്ഷ കേരളം പദ്ധതിയിൽ വാക്വം ഫ്രൈയിംഗ് യൂണിറ്റ് സ്ഥാപിച്ച് മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചു. പ്രോജക്ട് നടപ്പാക്കാൻ കോഓർഡിനേഷൻ കമ്മറ്റിയുടെ കൂടി അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :-
1) വെറുതെ കിടക്കുന്ന കെട്ടിടം ഉപയോഗിക്കുന്നതിനുകൂടി ആയതിനാൽ അനുമതി നൽകുന്നു.
2) അറവുശാലയ്ക്കായി കെട്ടിടം നിർമ്മിച്ചതു സംബന്ധിച്ച് ഓഡിറ്റ കുറിപ്പിന്മേൽ അന്വേഷിച്ച് പഞ്ചായത്ത് ഡയറക്ടർ തുടർ നടപടി സ്വീകരിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.57 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.2020-ലെ കത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.06. 2020-ലെ കത്തും** (SRG **624**/20 CC **574/**20)

*പ്രോ.നം. 139/21* *അടങ്കൽ 4,00,000/- രൂപ (വികസന ഫണ്ട്)*

***പേര് - വാളേരി ഹയർ സെക്കന്ററി സ്കൂളിന് സ്ഥലം വാങ്ങൽ, ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ***

എടവക പഞ്ചായത്തിലെ വാളേരി ഗവൺമെന്റ് സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ചേർന്ന് സംയുക്ത പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് 4.00 ലക്ഷം രൂപ കൈമാറുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :-
(1) അനുമതി നൽകുന്നു.
(2) മുകളിൽ പറഞ്ഞവയോടൊപ്പം പ്രോ.നം. 138/21, 141/21, 128/21, 129/21 എന്നീ പ്രോജക്ടുകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് നൽകിയിട്ടുണ്ടെങ്കിലും ഇവ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതാണോ, വിഹിതം ഏതാണ് തുടങ്ങിയ വിവരങ്ങൾ ഇല്ല. അതിനാൽ ഇവ പരിഗണിച്ചില്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.58 ഒക്കൽ ഗ്രാമ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.2020-ലെ കത്തും അനുബന്ധ രേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2020-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.29)** (SRG **617**/20 CC **684/**20)

***പ്രോ.നം. 53/21*** ***അടങ്കൽ 25,00,000/- രൂപ***
***(തനത് ഫണ്ട് -10,00,000/-രൂപ***
***ബ്ലോക്ക് വിഹിതം - 15,00,000/- രൂപ)***

***പേര് - ഫ്ലോട്ടിംഗ് JCB***

ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഫ്ലോട്ടിംഗ് **JCB** വാങ്ങുന്നതിനുള്ള ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 24.06.2020-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു. ഫ്ലോട്ടിംഗ് **JCB** യുടെ ആവശ്യകത സംബന്ധിച്ച് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകാൻ യോഗം നിർദ്ദേശിച്ചിരുന്നു.

ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ മുഖ്യ ജലസ്രോതസ്സായ കൊട്ടുവേലിച്ചിറ ചെളിയും പായലും നിറഞ്ഞിരിക്കുന്നത് കാരണം പ്രളയ കാലങ്ങളിൽ ജല നിർഗ്ഗമനം കുറയുന്നതിനും പ്രളയക്കെടുതി കൂടുന്നതിനും കാരണമായിട്ടുണ്ട് എന്നതിനാൽ ഇതിന് അനുവാദം നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- താഴെപ്പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഇത് നിർജ്ജീവ ആസ്തിയായി മാറുകയില്ല എന്നുറപ്പാക്കണം. ഇത് മറ്റ് സ്ഥലത്തും ഉപയോഗിക്കാനായി നൽകണം. ഇതിന്റെ ഓപ്പറേറ്ററുടെ വേതനം, ഇന്ധന ചെലവ്, അറ്റകുറ്റപ്പണി എന്നിവയടക്കമുള്ള ചെലവ് ഇതിന്റെ വാടകയിനത്തിൽ നിന്നും കണ്ടെത്തണം. ഇത് ഉറപ്പാക്കിയതിനുശേഷമേ JCB വാങ്ങാവൂ.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.59 ബുധനൂർ ഗ്രാമ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2020-ലെ കത്ത്** (SRG **627**/20 CC **667/**20)

***പ്രോ.നം. 107/21*** ***അടങ്കൽ 1,04,000/- രൂപ***
***(വികസന ഫണ്ട് -1,00,000/-രൂപ***
***തനത് ഫണ്ട് - 4,000/- രൂപ)***

***പേര് - മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് പഠന മേശയും കസേരയും***

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന മേശയും കസേരയും വിതരണം ചെയ്യാൻ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യ തൊഴിലാളി ക്ഷേമ നിധിയിൽ അംഗമല്ലാത്തവരുടെ മക്കൾക്കും ഈ ഉപകരണങ്ങൾ വിതരണം ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ക്ഷേമനിധി ബോർഡിൽ അംഗമല്ലെങ്കിലും രജിസ്റ്റേഡ്/ അനുബന്ധ മത്സ്യ തൊഴിലാളി കളുടെ മക്കൾക്ക് നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

### 4.60 ബുധനൂർ ഗ്രാമ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2020-ലെ കത്ത്** (SRG **626**/20 CC **678**/20)

*പ്രോ.നം. 174/21* *അടങ്കൽ 5,00,000/- രൂപ*

*(Flood Releif Fund)*

***പേര് - തയ്യൽ യൂണിറ്റ്***

പ്രളയക്കെടുതിയെ നേരിടുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് വനിതാ ഗ്രൂപ്പുകൾക്ക് തയ്യൽ യൂണിറ്റ് ആരംഭിക്കാനുള്ള പ്രോജക്ടിന് 2019-20 -ൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. കോവിഡ് കാലത്ത് സാമൂഹ്യ അകലം പാലിച്ച് ഗ്രൂപ്പായി പ്രവർത്തിക്കാൻ ബുദ്ധിമുട്ടായതിനാൽ വ്യക്തിഗതമായി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- ഗ്രൂപ്പ് അടിസ്ഥാനത്തിൽ നൽകണം. എന്നാൽ സാമൂഹ്യ അകലം പാലിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ ഓരോരുത്തരും വീട്ടിലിരുന്ന് ജോലി ചെയ്യുന്ന രീതി പരിഗണിക്കണം..

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

### 4.61 ബുധനൂർ ഗ്രാമ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2020-ലെ കത്ത്** (SRG **628**/20 CC - **666**/20)

*പ്രോ.നം. 144/21* *അടങ്കൽ 2,50,000/- രൂപ*

*(Flood Releif Fund)*

***പേര് - ഷീ ഓട്ടോ***

പ്രളയക്കെടുതി നേരിടുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് വനിതകൾക്കായി 'ഷീ ഓട്ടോ' എന്ന പദ്ധതി എടുത്തിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. എന്നാൽ ഗുണഭോക്താക്കൾ ആരും തന്നെ രേഖകൾ നൽകിയില്ല. അതിനാൽ പുരുഷന്മാരെ കൂടി ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- Flood Relief Fund ഉപയോഗിച്ചുള്ള ഈ പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെട്ടതല്ല എന്ന് യോഗം വിലയിരുത്തി. Flood Relief Fund ന് മേഖലാ വിഭജനം ബാധകമല്ല. എങ്കിലും വനിതകൾക്ക് വേണ്ടി തയ്യാറാക്കിയ പ്രോജക്ടായതിനാൽ ഓട്ടോറിക്ഷ കുടുംബത്തിലെ വനിതകളുടെ പേരിൽ വേണം നൽകാൻ. കുടുംബത്തിലെ പുരുഷ അംഗത്തിന് ഇത് ഉപയോഗിക്കാൻ തടസ്സമില്ല എന്നു നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.62 കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.2020-ലെ കത്തും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.06.2020-ലെ** KB3/1398/20-ാം **നമ്പർ കത്ത്** (SRG **623**/20 CC- **596/**20)

ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ 30 ടണ്ണിലധികം പ്ലാസ്റ്റിക് വേസ്റ്റ് ശേഖരമുണ്ട്. ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തിന്റെ MCF കൾ നിറഞ്ഞിരിക്കുകയാണ്. ഇതും ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിക്കണം. ഷ്രെഡ്ഡിംഗ് യൂണിറ്റിന് വരവിനേക്കാൾ കൂടുതൽ ചെലവുണ്ട്. ഈ സാഹചര്യത്തിൽ യൂണിറ്റിന്റെ മേൽനോട്ടം ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കുന്നതിന് ഈ വർഷം കൂടി (10 മാസം) വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 08.02.2018-ലെ 387/2018/തസ്വഭവ ഉത്തരവ് പ്രകാരം ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വരവും ചെലവും കണക്കാക്കി ശരാശരി അധികമായി വരുന്ന 2,06,000/- രൂപ ഒരു വർഷത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി ഉപയോഗിക്കാനാണ് അനുമതി നൽകിയിരുന്നത്. ഇതിന്റെ ആനുപാതിക തുക 2020 ആഗസ്റ്റ് മുതൽ കണക്കാക്കി 2020 ഡിസംബർ 31 വരെ നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.63 പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.08.2020-ലെ കത്തും പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23.07.2020-ലെ 4(1)-ാം നമ്പർ തീരുമാനവും** (SRG 631/20 CC **664**/20)

***പ്രോ.നം. 145/21*** ***അടങ്കൽ 2.00 കോടി രൂപ***

***(ബ്ലോക്ക് വിഹിതം - 35,00,000/- രൂപ വികസന ഫണ്ട്***
***ഗ്രാമപഞ്ചായത്ത് വിഹിതം 1,65,00,000/- രൂപ വികസന ഫണ്ട്)***

***പേര് - താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങൽ***

താലൂക്ക് ആശുപത്രിക്കായി കെട്ടിടം പണിയുന്നതിന് കിഫ്ബിയിൽ നിന്ന് 74.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം കെട്ടിടം പണിയുന്നതിന് യോജിച്ചതല്ല. വേറെ സ്ഥലം വാങ്ങണം. അതിനായി ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമായി ആകെ 2.00 കോടി രൂപ ഉപയോഗിച്ച് സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- സ്ഥലം വാങ്ങുന്നതിന് മാനദണ്ഡ പ്രകാരമുള്ള മറ്റ നടപടികൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.64 ആറന്മുള ഗ്രാമ പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2020-ലെ കത്തും ആറന്മുള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2020-ലെ 9(3) -ാം നമ്പർ ഭരണസമിതി തീരുമാനവും** (SRG **630**/20 CC **689/**20)

*പ്രോ.നം. 106/21* *അടങ്കൽ 1,75,000/- രൂപ*
*(തനത് ഫണ്ട്)*

***പേര് - പള്ളിയോടങ്ങൾക്ക് ധനസഹായം***

ആറന്മുള ഗ്രാമപഞ്ചായത്തിൽ 7 പള്ളിയോടങ്ങളാണ് ഉള്ളത്. കഴിഞ്ഞ മഹാ പ്രളയത്തിൽ പള്ളിയോടപ്പുരകൾ പൂർണ്ണമായി നശിക്കുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തു. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ ഏഴ് പള്ളിയോടങ്ങൾക്ക് 25,000/- രൂപ വീതം ഗ്രാന്റ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.65 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

**ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.2020-ലെ കത്തും ലൈഫ് മിഷൻ സി.ഇ.ഒ യുടെ 21.01.2020, 03.03.2020 എന്നീ തീയതികളിലെ** LF3/CH/Life/20-ാം **നമ്പർ കത്തും ലൈഫ് മിഷൻ സി.ഇ.ഒ യുടെ 10.08.2020-ലെ** LF3/CH/Life/20-ാം **നമ്പർ കത്തുകളും അനുബന്ധ രേഖകളും** (SRG **632**/20 LSGD - DB1/135/2020 LSGD)

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിക്കായി ത്രിതല പഞ്ചായത്തുകളിൽ നിന്നു ലഭിച്ചതിൽ ബാക്കി വന്ന തുകയും പലിശയുമടക്കം വിവിധ ബാങ്കുകളിലായി 1,50,48,658/- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുലക്കല്ലൂർ വില്ലേജിലുള്ള 38 സെന്റ് സ്ഥലത്ത് (കുലക്കല്ലൂർ ഗ്രാമപഞ്ചായത്ത്) ലൈഫ് മിഷനിലെ മൂന്നാം ഘട്ട ഗുണഭോക്താക്കൾക്കായി ഭവന സമുച്ചയം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ചും കൂടാതെ **Kerala Electrical Aliened Engineering Company Ltd** ( **KEL)** മുഖേന ഫ്ലാറ്റ് പണിയാനും അനുമതി നൽകണമെന്ന ആവശ്യവും സംബന്ധിച്ച്.

**തീരുമാനം** :- 1) കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകിയ ആദ്യ കത്തു പ്രകാരം 5.10 കോടി രൂപ ചെലവിൽ 34 കുടുംബ ങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കാനായാണ് ഉദ്ദേശിച്ചിരി ക്കുന്നത്. പുതുക്കിയ കത്തു പ്രകാരം 2,23,50,000/- രൂപ അടങ്കലിൽ 12 കുടുംബങ്ങൾക്കായി ഫ്ലാറ്റ് പണി യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഫ്ലാറ്റിന് ശരാശരി 18.625 ലക്ഷം രൂപ ചെലവ് വരും. ഇത് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഇത് ഒന്നു കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ യോഗം ലൈഫ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

2) ടെണ്ടർ നടപടി കൂടാതെ KEL നെ ഏൽപ്പിക്കാവുന്നതല്ല. സിവിൽ പ്രവൃത്തികൾക്കുള്ള മറ്റ് അംഗീകൃത ഏജൻസികളെ കൂടി ഉൾപ്പെടുത്തി മാനദണ്ഡ പ്രകാരമുള്ള ടെണ്ടർ നടപടി സ്വീകരിക്കുകയോ ഇ-ടെണ്ടർ വിളിക്കുകയോ ചെയ്യണം.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2)സി.ഇ.ഒ. ലൈഫ് മിഷൻ**

**(യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു)**

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ് (പ്രതിനിധി)
5 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
6 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
8 ഗ്രാമവികസന കമ്മീഷണർ
9 സെക്രട്ടറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്
10 മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ
11 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
12 ഡയറക്ടർ ജനറൽ, കില
13 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
14 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
15 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ (പ്രതിനിധി)
16 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി
17 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
18 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(പ്രതിനിധി)
19 ഡയറക്ടർ, ഐ.റ്റി. മിഷൻ(പ്രതിനിധി)
20 ഡയറക്ടർ, പട്ടികജാതി വികസനം (പ്രതിനിധി)
21 ഡയറക്ടർ, പട്ടികവർഗ്ഗ വികസനം (പ്രതിനിധി)